2023
MAY
09
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ലോറസ് പുരസ്കാരം നേടി മെസി

**പാരിസ്:** മികച്ച കായികതാരത്തിനുള്ള 2023ലെ ലോറസ് പുരസ്കാരം സ്വന്തമാക്കി ലയണൽ മെസി. ലോകകപ്പ് നേട്ടത്തോടെ കായിക ചരിത്രത്തിൽ അമരത്വം നേടിയ മെസിയുടെ രണ്ടാം ലോറസ് പുരസ്കാരമാണിത്.

36 വർഷത്തിന് ശേഷം ഫുട്ബോൾ ലോകകിരീടം ചൂടിയ അർജൻറീന മികച്ച ടീമിനുള്ള പുരസ്കാരം നേടിയപ്പോൾ സൂപ്പർ അത്‌ലിറ്റ് ഷെല്ലി ആൻ ഫ്രേസർ മികച്ച വനിതാ താരമായി.ടെന്നീസ് ലോകത്തെ ഞെട്ടിക്കുന്ന പ്രകടനങ്ങളുമായി നിറഞ്ഞുനിന്ന കാർലോസ് അൽക്കാരസിനാണ് മികച്ച യുവതാരത്തിനുള്ള ബ്രേക്ക്ത്രൂ പെർഫോമൻസ് പുരസ്കാരം. ഹൃദയാഘാതത്തെത്തുടർന്ന് കളംവിട്ട ശേഷം ശക്തമായി മടങ്ങിയെത്തിയ മാഞ്ചസ്റ്റർ യുണൈറ്റഡിൻറെ ഡാനിഷ് മിഡ്ഫീൽഡർ ക്രിസ്റ്റ്യൻ എറിക്സൺ മികച്ച കായിക തിരിച്ചുവരവിനുള്ള പുരസ്കാരം സ്വന്തമാക്കി. കാതറിൻ ഡെബ്റണ്ണർ മികച്ച പാരാ അത്‌ലിറ്റായി തെരഞ്ഞെടുക്കപ്പെട്ടു.

## ഭരണച്ചെലവ് ചുരുക്കി, ലാഭം 18,685 കോടി

# നില മെച്ചപ്പെടുത്തി സർക്കാർ

**തിരുവനന്തപുരം :** കേരളത്തിനു കടമെടുക്കാൻ കഴിയുന്ന തുകയിൽ കേന്ദ്രം വലിയ വെട്ടിക്കുറവു വരുത്തിയെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിനു പിടിച്ചു നിൽക്കാനായത് നികുതി അടക്കമുള്ള വരുമാനങ്ങളിൽ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞതു കൊണ്ടെന്ന് കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സിഎജി) പ്രാഥമിക കണക്ക്. സർക്കാരിനു ലക്ഷ്യം കൈവരിക്കാൻ കഴിയാത്തത് ജിഎസ്ടി, സംഭാവനകൾ എന്നീ ഇനങ്ങളിൽ മാത്രം. ബാക്കിയെല്ലാ വരുമാനങ്ങളും ബജറ്റിൽ പ്രഖ്യാപിച്ച ലക്ഷ്യം മറികടന്നു. എല്ലാ ഇനങ്ങളിലും ചെലവു കുറയ്ക്കാനും സർക്കാരിനു കഴിഞ്ഞു.



കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സർക്കാരിനു മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കാനായതിന്റെ രഹസ്യവും സിഎജിയുടെ കണക്കിലുണ്ട്. കടമെടുപ്പു പരിധി കേന്ദ്രം പകുതിയിലേറെ വെട്ടിക്കുറച്ചു. അതോടെ സർക്കാർ ഗുരുതര പ്രതിസന്ധിയിലായി. വരുമാനം മെച്ചപ്പെട്ടതിനൊപ്പം കർശന ചെലവു ചുരുക്കൽ കൊണ്ടുവന്നതോടെ ആകെ ചെലവിൽ വൻ കുറവു വന്നു. ശമ്പളവും പെൻഷനും ഒഴികെ 69,148 കോടിയാണു ഭരണപരമായ ചെലവുകൾക്കു വേണ്ടിയിരുന്നത്. ഈ ചെലവിൽ കർശന നിയന്ത്രണം കൊണ്ടുവന്നതിനാൽ 18,685 കോടി ലാഭിക്കാനായി.

റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയവ നിർമിക്കുന്നതിനും ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളുടെ വികസനത്തിനും 19,438 കോടി രൂപ ചെലവിടുമെന്നായിരുന്നു ബജറ്റിലെ പ്രഖ്യാപനം.30% തുക സർക്കാർ ചെലവിടാതെ പിടിച്ചു വച്ചു. 55,119 കോടിരൂപയാണ് കഴിഞ്ഞ വർഷം കടമെടുക്കാൻ സർക്കാർ നിശ്ചയിച്ചിരുന്നത്. കേന്ദ്രം കടമെടുപ്പു പരിധി വെട്ടിക്കുറച്ചതു കാരണം 22,672 കോടി മാത്രമാണു കടമെടുക്കാൻ കഴിഞ്ഞത്. കടമെടുപ്പ് നിയന്ത്രിച്ചതിനാൽ ധനക്കമ്മി 41.13 ശതമാനത്തിലേക്കു കുറച്ചു കൊണ്ടുവരാനും സർക്കാരിനു കഴിഞ്ഞു. അതിനു മുൻപുള്ള വർഷത്തിൽ ധനക്കമ്മി 81% ആയിരുന്നു. വരവും ചെലവും തമ്മിലെ അന്തരമാണു ധനക്കമ്മി.

ഭൂമിയുടെ റജിസ്ട്രേഷൻ വഴി കിട്ടുന്ന വരുമാനത്തിലാണ് കഴിഞ്ഞ വർഷം ഗണ്യമായ വർധന ഉണ്ടായത്. ലക്ഷ്യമിട്ടതിനെക്കാൾ 1,530 കോടി രൂപയാണ് സർക്കാരിന് അധികം ലഭിച്ചത്. ജിഎസ്ടി വരുമാനത്തിൽ വലിയ കുതിച്ചുചാട്ടം പ്രതീക്ഷിച്ചെങ്കിലും അതുണ്ടായില്ല.

8,000 കോടിയുടെ കുറവുണ്ടായത് കേന്ദ്ര സർക്കാർ ജിഎസ്ടി നഷ്ടപരിഹാരം നിർത്തലാക്കിയതിനാലാണെന്ന് ധനവകുപ്പ് വൃത്തങ്ങൾ വ്യക്തമാക്കി.

## ചരിത്രത്തിൽ ആദ്യമായി ഉയർന്ന വിലയിലെത്തി ഇഞ്ചി

**കൽപറ്റ:** ചരിത്രത്തിൽ ആദ്യമായി ഏപ്രിൽ മേയ് മാസത്തിലെ ഏറ്റവും ഉയർന്ന വിലയിലെത്തി ഇഞ്ചി. ഇന്നലെ മാനന്തവാടിയിൽ 7,000 രൂപയ്ക്കാണ് 60 കിലോയുടെ ഒരു ചാക്ക് ഇഞ്ചി വിറ്റുപോയത്. 2012ൽ കുറച്ചുകാലം ഒരു ചാക്കിന് 6,000 രൂപ വരെ എത്തിയതാണ് ഇതിനു മുൻപുള്ള ഏറ്റവും ഉയർന്നവില. വിപണിയിൽ ഇഞ്ചി ആവശ്യത്തിനു ലഭ്യമല്ലാതായതാണ് വിലയിലെ പെട്ടെന്നുള്ള കുതിച്ചുചാട്ടത്തിനു കാരണം.

മലയാളികളായ കർഷകർ ഏറെയുള്ള കർണാടകയിൽ 10,000 രൂപ വരെയാണ് ഇപ്പോൾ ഒരു ചാക്ക് ഇഞ്ചിക്കു ലഭിക്കുന്നത്. ഓഗസ്റ്റിലാണ് സാധാരണയായി ഇഞ്ചിക്ക് ഉയർന്ന വില ലഭിക്കാറുള്ളത്. എന്നാൽ, ഇത്തവണ ഉൽപാദനം കുത്തനെ കുറഞ്ഞതോടെ ഈ സീസണിലും വിലവർധിച്ചു.കർണാടകയിൽ കഴിഞ്ഞ 2 വർഷങ്ങളിലെ പെരുമഴയിൽ ഹെക്ടർ കണക്കിനു കൃഷിയാണു നശിച്ചുപോയത്. ബാക്കിവന്ന ഇ!ഞ്ചി, കർഷകർ ഉടൻതന്നെ പറിച്ചുവിൽക്കുകയും ചെയ്തതോടെ ഇഞ്ചിക്കു ക്ഷാമമമായി. മുൻവർഷങ്ങളിലെ വിലക്കുറവും ലോക്ഡൗൺ നിയന്ത്രണങ്ങളും കൃഷി കുറയാൻ കാരണമായി.

മറ്റ് സ്ഥലങ്ങളിൽ നടാനും ചെലവിനുമായി ജനുവരി, ഫെബ്രുവരി മാസത്തോടെ ചെറുകിട കർഷകർ വിളവെടുക്കും. പുതിയ സ്ഥലത്തിന്റെ പാട്ടത്തുക നൽകാനായി ഇഞ്ചി പറിച്ച് സ്ഥലം ഒഴിവാക്കി കൊടുക്കേണ്ടിവന്നവരും ഏറെ. എന്നാൽ, പുതിയ സ്ഥലത്ത് കൃഷിയിറക്കാൻ പണം കയ്യിലുള്ളവർക്കും പറിക്കാനുള്ള സ്ഥലത്തിന് പാട്ടത്തുക നൽകാൻ കഴിയുന്നവർക്കും ഇഞ്ചി പറിക്കാതിരുന്നതിനാൽ ഇക്കുറി വൻ ലാഭം കിട്ടും.2012നു ശേഷം രണ്ടുസീസണിൽ മാത്രമാണ് ഇഞ്ചിക്കു മോശമല്ലാത്ത വില ലഭിച്ചത്. 2020 ഡിസംബറിൽ ചാക്കിന് 1000 രൂപയായി കുറഞ്ഞു.

## വന്ദേഭാരത് എക്സ്പ്രസിനു നേരെ വീണ്ടും കല്ലേറ്

**കണ്ണൂർ:** വന്ദേഭാരത് എക്സ്പ്രസിനു നേരെ വീണ്ടും കല്ലേറ്. ഇത്തവണ കണ്ണൂർ വളപട്ടണത്തു വച്ചാണ് കല്ലേറുണ്ടായത്. കാസർകോടുനിന്ന് തിരുവനന്തപുരത്തേക്കുള്ള യാത്രയ്ക്കിടെ വൈകിട്ട് 3.30ഓടെയായിരുന്നു സംഭവം. കല്ലേറിൽ ട്രെയിനിൻറെ ജനൽ ഗ്ലാസിന് പൊട്ടലുണ്ടായി എന്നാണ് വിവരം.

സ്ഥലത്ത് ആർപിഎഫ്, പൊലീസ് എന്നിവർ പരിശോധന നടത്തി. റെയിൽവേ ആക്ട് 153 വകുപ്പ് പ്രകാരമാണ് ഇത്തരം സംഭവങ്ങളിൽ കേസെടുക്കുന്നത്. 5 വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന കുറ്റമാണിത്.





# പുന്നമടയിൽ 12 ബോട്ടുകൾ പരിശോധിച്ചു; രേഖകൾ ഉള്ളത് മൂന്നെണ്ണത്തിന് മാത്രം

**ആലപ്പുഴ:** താനൂർ ബോട്ട് അപകടത്തെ തുടർന്ന് ആലപ്പുഴയിൽ ഹൗസ്ബോട്ടുകളിൽ പരിശോധന നടത്തി. പുന്നമടയിൽ 12 ബോട്ടുകൾ പരിശോധിച്ചപ്പോൾ എല്ലാ രേഖകളുമുള്ളത് മൂന്നെണ്ണത്തിനു മാത്രം. തുറമുഖ വകുപ്പ് ഉദ്യോഗസ്ഥനും ടൂറിസം പൊലീസും ചേർന്നാണു പരിശോധന നടത്തിയത്. 9 ഹൗസ്ബോട്ടുകാരോട് രേഖകളെല്ലാം ഹാജരാക്കാൻ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടു. കൂടുതൽ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പരിശോധന ഇന്നും തുടരും.

ഫിനിഷിങ് പോയിന്റിനു സമീപത്തെ വിളക്കുമരം ജെട്ടിയിൽ നങ്കൂരമിട്ടിരുന്ന ഹൗസ്ബോട്ടുകളിലാണ് പരിശോധന നടത്തിയത്.ജില്ലയിൽ ലൈസൻസില്ലാത്ത ഒട്ടേറെ ഹൗസ്ബോട്ടുകൾ സർവീസ് നടത്തുന്നുണ്ടെന്നാണ് വിവരം. ലൈസൻസുള്ളത് 871 എണ്ണത്തിനാണ്. 2013നു ശേഷം വളരെക്കുറച്ചു ഹൗസ്ബോട്ടുകൾക്കേ ലൈസൻസ് നൽകിയിട്ടുള്ളൂ. കൂടുതൽ ബോട്ടുകൾക്ക് അനുമതി നൽകുമെന്ന് ഹൗസ്ബോട്ട് ഉടമകളുടെ അദാലത്തിൽ അധികൃതർ അറിയിച്ചിരുന്നു. എന്നാൽ, തുറമുഖ വകുപ്പിലെ ആൾക്ഷാമം ഇതിനു വലിയ തടസ്സമാണ്. രണ്ടു സർവേയർമാർ മാത്രമാണ് സംസ്ഥാനത്താകെ പരിശോധന നടത്തേണ്ടത്. ഇതിനിടെ ലൈസൻസ് നൽകണമെന്ന ആവശ്യവുമായി മുന്നൂറോളം ഹൗസ്ബോട്ട് ഉടമകൾ കോടതിയെ സമീപിക്കുകയും ചെയ്തിരുന്നു.

നാലു മാസം മുൻപ് തെലങ്കാന സ്വദേശി മുങ്ങി മരിക്കാൻ ഇടയാക്കിയ, ഫിറ്റ്നസ് ഇല്ലാത്ത ഹൗസ്ബോട്ട് മുങ്ങിയിടത്തുനിന്ന് ഇപ്പോഴും ഉയർത്തിയിട്ടില്ല. വർഷങ്ങളായി റജിസ്ട്രേഷൻ പുതുക്കാത്ത ഹൗസ്ബോട്ടാണ് അപകടത്തിൽ പെട്ടതെന്നു വ്യക്തമായിരുന്നു.

ഉടമ അറസ്റ്റിലാകുകയും ചെയ്തു. തെലങ്കാന കാമാറെഡ്ഡി ജില്ലയിലെ എൻജിഒ കോളനി സ്വദേശി എൻ.രാമചന്ദ്ര റെഡ്ഡിയാണ് (58) ഡിസംബർ 29നു പുലർച്ചെ ബോട്ട് മുങ്ങിമരിച്ചത്.

പള്ളാത്തുരുത്തി ചുങ്കം കന്നിട്ട ജെട്ടിക്ക് സമീപമായിരുന്നു അപകടം. വെള്ളം കയറി ബോട്ട് മുങ്ങുകയായിരുന്നു. ഇതിൽ സുരക്ഷാ സംവിധാനം ഇല്ലായിരുന്നെന്നു പൊലീസ് കണ്ടെത്തി.

ബോട്ടിന്റെ റജിസ്ട്രേഷൻ 10 വർഷമായി പുതുക്കിയിട്ടില്ലെന്നും ഇൻഷുറൻസ് ഇല്ലെന്നും ഡ്രൈവർക്കു ലൈസൻസ് ഇല്ലെന്നും അന്നു പൊലീസ് കണ്ടെത്തി.

നേരത്തെ ടൂറിസം പൊലീസ് നടത്തിയ പരിശോധനയിൽ ശോചനീയാവസ്ഥ ബോധ്യപ്പെട്ടതിനാൽ സർവീസ് നടത്തരുതെന്നു നിർദേശിച്ച ബോട്ടാണ് അടിത്തട്ടിലെ പലകയിളകി വെള്ളം കയറി മുങ്ങിയത്.



# കർഷകർക്ക് ആശ്വാസം; സപ്ലൈകോ നെല്ലുസംഭരണം തുടങ്ങി

**തൃക്കരിപ്പൂർ:** നെൽ കർഷകരിൽ നിന്നു സപ്ലൈകോ നെല്ല് സംഭരണം തുടങ്ങി. നേരിട്ടുള്ള നെല്ല് സംഭരണം കർഷകർക്ക് ആശ്വാസം പകർന്നു. കിലോയ്ക്ക് 28 രൂപ 20 പൈസ നിരക്കിൽ നൽകുന്നുണ്ട്. തൃക്കരിപ്പൂരിൽ ഈയക്കാട് പാടശേഖര പരിധിയിലെ കർഷകരിൽ നിന്നാണ് ആദ്യ ഘട്ടത്തിൽ നെല്ല് സംഭരിച്ചത്. പഞ്ചായത്തിലെ 4,5 വാർഡുകളിൽ ഉൾപ്പെടുന്ന ഈയക്കാട് പാടശേഖര പരിധിയിൽ ഇത്തവണ ഉൽപാദന രംഗത്ത് നല്ല തോതിൽ മികവുണ്ട്. ഇവിടെ നിന്നു ആദ്യ ദിനത്തിൽ 20 ടൺ നെല്ലാണ് സപ്ലൈകോ സംഭരിച്ചത്.

രണ്ടാം ഘട്ടമായി 5000 കിലോ നെല്ലുകൂടി സംഭരിക്കും. പാടത്തിൽ നിന്നു തന്നെയാണ് സംഭരണം. കഴിഞ്ഞവർഷം 17, 500 കിലോയാണ് ഇവിടെ നിന്നു സംഭരിച്ചത്. സ്വകാര്യ മില്ലുകളിൽ നിന്നു 23 രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നതെന്നും സപ്ലൈകോയുടെ നെല്ല് സംഭരണം വലിയ ആശ്വാസമാണെന്നും കർഷകർ പറഞ്ഞു.

നേരത്തെ നെല്ലിന്റെ വില കർഷകർക്ക് ലഭിക്കാൻ അൽപം കാലതാമസമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ നെല്ല് ശേഖരിച്ച് 5 ദിവസത്തിനകം കർഷകരുടെ അക്കൗണ്ടിൽ പണം എത്തുന്ന ക്രമീകരണമുണ്ട്. ഉൽപാദന ബോണസ് നൽകുന്നതിൽ വർധന വേണമെന്ന ആവശ്യം കർഷകർക്കുണ്ട്. പാടശേഖര സമിതി പ്രസിഡന്റ് പി.സദാനന്ദൻ, സെക്രട്ടറി വി.വി.സുരേശൻ, കെ.വി.പത്മനാഭൻ, എ.രാഘവൻ, പി.വി.കുഞ്ഞിരാമൻ, കെ.പി.പുഷ്പവല്ലി തുടങ്ങിയവർ നേതൃത്വം നൽകി.

## ചേലൂർ ടൂറിസം പദ്ധതിക്ക് തുടക്കമാകുന്നു

**ശാസ്താംകോട്ട:** വെള്ളക്കെട്ടായി മാറിയ ശാസ്താംകോട്ട ചേലൂർ പുഞ്ചയിലെ കായൽ ടൂറിസം പദ്ധതിക്ക് തുടക്കമാകുന്നു. ചേലൂർ ടൂറിസത്തിനായി ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് സമർപ്പിച്ച 1.46 കോടിയുടെ സമഗ്രപദ്ധതിരേഖയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു. 5.5 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലൂടെ ടൂറിസം വകുപ്പിൽനിന്ന് 50 ലക്ഷം രൂപ ലഭിക്കുമെന്നാണ് കരുതുന്നത്. 20 ലക്ഷം രൂപ പഞ്ചായത്തിന്റെ തനതു ഫണ്ടിൽനിന്നു ചെലവിടും. ഇത് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശേഷിക്കുന്ന തുക തൊഴിലുറപ്പുപദ്ധതി വഴിയും വിനിയോഗിക്കും.

ഒഴുകുന്ന ഭക്ഷണശാല, കുട്ടവഞ്ചി, യന്ത്ര ബോട്ടുകൾ, ഇൻഫർമേഷൻ സെന്റർ, ശൗചാലയ സമുച്ചയം, കുട്ടികളുടെ പാർക്ക്, വിപുലമായ ഇരിപ്പിടങ്ങൾ തുടങ്ങിയവ ഉൾപെടുന്ന സമഗ്ര പദ്ധതിയാണ് നടപ്പാക്കുന്നത്. പദ്ധതി പൂർത്തിയാകുന്നതോടെ സഞ്ചാരികളെ ആകർഷിക്കുകയും തദ്ദേശീയ തൊഴിൽ അവസരങ്ങൾ വർധിപ്പിക്കാനും സാധിക്കും. ചേലൂർ പുഞ്ചയ്ക്ക് ശാപമോക്ഷമാകുമെന്നും ആദ്യ ഘട്ട നിർമാണപ്രവർത്തങ്ങൾ ഉടൻ ആരംഭിക്കുമെന്നും ശാസ്താംകോട്ട പഞ്ചായത്ത് പ്രസിഡന്റ് ആർ ഗീത അറിയിച്ചു.

# എന്റെ കേരളം മെഗാ എക്സിബിഷന് ഇന്ന് തുടക്കം

**തൃശൂർ:** സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികാഘോഷത്തിന്റെ ഭാഗമായി തേക്കിൻകാട് മൈതാനത്തെ വിദ്യാർഥി കോർണറിൽ നടക്കുന്ന എന്റെ കേരളം മെഗാ പ്രദർശന വിപണന മേള ഇന്ന് ആരംഭിക്കും. യുവതയുടെ കേരളം, കേരളം ഒന്നാമത് എന്നിവയാണ് മെയ് 15 വരെ നടക്കുന്ന മേളയുടെ പ്രമേയം.

വൈകിട്ട് അഞ്ചിന് വാർഷികാഘോഷത്തിന്റെ ജില്ലാതല ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ബിന്ദുവിന്റെ അധ്യക്ഷതയിൽ ബഹു. റവന്യൂ ഭവന നിർമാണ വകുപ്പ് മന്ത്രി കെ രാജൻ നിർവഹിക്കും. പ്രദർശന വിപണന സ്റ്റാളുകളുടെ ഉദ്ഘാടനം പട്ടികജാതി പട്ടിക വർഗ വികസന, ദേവസ്വം വകുപ്പ് മന്ത്രി കെ രാധാകൃഷ്ണൻ നിർവഹിക്കും. മേയർ, എംപിമാർ, എംഎൽഎമാർ, ജനപ്രതിനിധികൾ, വിശിഷ്ട വ്യക്തികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

30ലേറെ സേവന സ്റ്റാളുകൾ ഉൾപ്പെടെ 130ലേറെ തീം സ്റ്റാളുകളും 110 കൊമേഷ്യൽ സ്റ്റാളുകളും ഉൾപ്പെടെ 270ലേറെ സ്റ്റാളുകൾ മേളയിൽ ഉണ്ടാകും. വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും കീഴിലുള്ള ഉൽപന്നങ്ങളും വ്യവസായ വകുപ്പിന് കീഴിലെ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപന്നങ്ങളുമാണ് പ്രദർശനത്തിനും വിപണനത്തിനും ഉണ്ടാവുക. കൂടാതെ വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ ജനങ്ങൾക്ക് പരിചയപ്പെടുത്തുന്ന തീം സ്റ്റാളുകളും വിവിധ സർക്കാർ സേവനങ്ങൾ സൗജന്യമായി ലഭ്യമാക്കുന്ന യൂട്ടിലിറ്റി സ്റ്റാളുകളുമുണ്ടാകും.

ആധാർ എന്റോൾമെന്റ്, പുതുക്കൽ ഉൾപ്പെടെ അക്ഷയ സേവനങ്ങൾ, ജീവിതശൈലീ രോഗങ്ങളുടെ പരിശോധന, മണ്ണ് ജല പരിശോധന, ജനന മരണ വിവാഹ സർട്ടിഫിക്കറ്റുകൾ, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ, ഫാമിലി, ലീഗൽ കൗൺസലിംഗ്, പാരന്റിംഗ് ക്ലിനിക്ക്, ന്യൂട്രീഷൻ ക്ലിനിക്ക്, ചെറിയ കുട്ടികളിലെ ഭിന്നശേഷി നിർണയ പരിശോധന, ഉദ്യം രജിസ്ട്രേഷൻ, കെസ്വിഫ്റ്റ് സേവനങ്ങൾ, സംരംഭകത്വ സഹായം, യുഎച്ച്ഐഡി കാർഡ് വിതരണം, ടെലിമെഡിസിൻ സേവനം, സാക്ഷരത തുല്യതാ രജിസ്ട്രേഷൻ, ലഹരി വിരുദ്ധ ബോധവൽക്കരണം, വൈദ്യുതി സുരക്ഷ ബോധവൽക്കരണം തുടങ്ങിയവ സൗജന്യ സേവനങ്ങളുടെ സ്റ്റാളുകളിലുണ്ടാകും.

റോബോട്ടിക്സ്, വെർച്വൽ റിയാലിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി, ത്രീഡി പ്രിന്റിംഗ് ടെക്നോളജി തുടങ്ങിയവ പരിചയപ്പെടുത്തുന്ന ടെക്നോളജി പവലിയനാണ് മേളയിലെ മറ്റൊരു ആകർഷണം. തൃശൂർ ഗവ. എഞ്ചിനീയറിംഗ് കോളജിന്റെ നേതൃത്വത്തിൽ ജില്ലയിലെ ടെക്നോളജി സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെയുള്ളവയുമായി സഹകരിച്ചാണ് പവലിയൻ ഒരുക്കുക. കുട്ടികൾക്കും മുതിർന്നവർക്കും റോബോട്ടിക്സ് ഉൾപ്പെടെയുള്ളവയിൽ പരിശീലനം നൽകുന്ന ടെക്നോളജി ലേണിംഗ് സെന്ററും ഇതിനോട് അനുബന്ധമായി ഒരുക്കിയിട്ടുണ്ട്.

കാർഷിക വികസന വകുപ്പ്, മൃഗസംരംക്ഷണ വകുപ്പ്, കെഎഫ്ആർഐ, വ്യവസായ വികസന വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ്, കയർ വകുപ്പ്, തുട ങ്ങിയവ ഒരുക്കുന്ന ഔട്ട്ഡോർ ഡിസ്പ്ലേയിൽ ജില്ലയിലെ വിവിധ ഫാമുകൾ, നഴ്സറികൾ, തുടങ്ങിയവയുടെ വിവിധ ഇനം തൈകൾ, അലങ്കാര മൽസ്യ ങ്ങൾ, മൃഗങ്ങളുടെ സവിശേഷ ബ്രീഡുകൾ, അലങ്കാരപ്പക്ഷികൾ തുടങ്ങിയ വയുടെ പ്രദർശനവും വിപണനവും നടക്കും. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ പ്രത്യേക സ്പോർട്സ് ആക്ടിവിറ്റി ഏരിയയും മേളയിൽ ഒരുക്കുന്നുണ്ട്.

എസ്എസ്എൽസി, പ്ലസ്ടു ഫലം കാത്തിരിക്കുന്ന വിദ്യാർഥികൾക്കായി എല്ലാ ദിവസവും രണ്ട് സെഷനുകളിലായി വിവിധ മേഖലകളിലെ കോഴ്സുകൾ, മികച്ച കലാലയങ്ങൾ, തൊഴിൽ സാധ്യതകൾ എന്നിവയെ കുറിച്ച് മേഖലയിലെ വിദഗ്ധർ ഗൈഡൻസ് നൽകും. അസാപ്പ്, പൊതുവിദ്യാഭ്യാസ, ഉന്നതവിദ്യാഭ്യാസ വകുപ്പുകൾ, ഡിഡിയുജികെവൈ തുടങ്ങിയവയുടെ നേതൃത്വത്തിലാണ് പരിശീലനം.

# നമുക്കും കൃഷി ചെയ്യാം; കൈപ്പില്ലാ പാവൽ

കേരളത്തിൻെറ കാലാവസ്ഥയിൽ നന്നായി വളരുന്ന, ധാരാളം ഔഷധ ഗുണങ്ങൾ നിറഞ്ഞ, ഏറെ രുചികരമായ ഒരു പച്ചക്കറി വിളയാണ് ഗൻറോല അഥവാ കൈപ്പില്ലാ പാവൽ. ബംഗ്ലാദേശിലും, ഇന്ത്യയുടെ കിഴക്കൻ, വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും ഇതു വ്യാപകമായി കൃഷി ചെയ്തു വരുന്നു. മഴക്കാല കൃഷിക്ക് ഏറെ അനുയോജ്യമായ ഗൻറോല നനയ്ക്കാൻ സൗകര്യമുള്ള സ്ഥലങ്ങളിൽ വേനൽക്കാലത്തും നന്നായി വിളയും. മാർച്ച് -ഏപ്രിൽ, ഡിസംബർ-ജനുവരി മാസങ്ങളാണു നടീലിനു പറ്റിയ കാലം.

ഇടമഴ മുറയ്ക്കു കിട്ടുന്ന സമയത്തു നിലമൊരുക്കുകയാണ് ആദ്യം ചെയ്യേണ്ടത്. കൃഷി രീതികൾ ഏതാണ്ടു പാവലിൻേറതു പോലെ തന്നെ. ഒരടി താഴ്ചയിൽ നിലം ഉഴുത് നിരപ്പാക്കണം. 1.5 : 1.5 മീറ്റർ അകലത്തിൽ 2 അടി വ്യാസമുള്ള കുഴികൾ എടുത്ത് 150 ഗ്രാം കുമ്മായം വിതറണം. പുളിപ്പ് മാറാൻ ഒരു മഴ പെയ്തു വെള്ളം മണ്ണിലിറങ്ങാൻ അനുവദിക്കണം. (കുഴികൾ നന്നായി നനച്ചാലും മതിയാകും) പിന്നീട്, അഞ്ചു കിലോ വീതംട്രൈക്കോഡെർമ സമ്പുഷ്ട ചാണകപ്പൊടിയുമായി കലർത്തി മേൽമണ്ണ് ചേർത്തു നിറച്ചു കുഴി മൂടുക. പിള്ളക്കുഴി എടുത്ത് അതിൽ മുളച്ച ചെടികൾ നടുക.

ഗൻറോല ദ്വിലിംഗ പുഷ്പിയാകയാൽ ആൺ, പെൺ ചെടികൾ തമ്മിൽ വ്യത്യാസമുണ്ട്. വിത്തുകൾ മുളയ്ക്കാൻ താമസമുള്ളതിനാലും വിത്ത് മുളച്ചുണ്ടാകുന്ന ചെടി പെൺ ചെടിയാകുമെന്ന് ഉറപ്പില്ലാത്തതിനാലും മുൻ വർഷങ്ങളിൽ കായ്ഫലം തന്ന പെൺ ചെടികളുടെ ചുവട്ടിൽ നിന്നു ശേഖരിച്ച കിഴങ്ങുകളാണു നല്ല നടീൽ വസ്തു. വലിയ കിഴങ്ങുകൾ പുറം തൊലിക്കു ക്ഷതമേൽക്കാതെ കഷണ ങ്ങളാക്കി മുറിച്ചും നടാം.

മുറിച്ച കഷണങ്ങൾ രണ്ടു ശതമാനം ബാവിസ്റ്റിൻ /ഇൻഡോഫിൻ ഒ 45ൽ മുപ്പതു മിനിറ്റു മുക്കിവച്ച ശേഷം തണലിൽ ഉണക്കി, ഈർപ്പമുള്ള സ്ഥലത്തു പുതയിട്ടു മൂടി രണ്ടു മൂന്നാഴ്ച വച്ചു മുളപ്പിച്ചശേഷം മാറ്റി നടുന്നതാകും ഉത്തമം. ഹോർമോൺ ലായനികളിൽ മുക്കി വേരു പിടിപ്പിച്ച വളളിത്തലപ്പുകളും നടാൻ ഉപയോഗിക്കാം. വളർച്ച സാവധാനമായിരിക്കുമെന്നു മാത്രം. 10 സെൻറ് തോട്ടത്തിൽ കുറഞ്ഞത് 45 ആൺ ചെടി കളെങ്കിലും നട്ടു പരിപാലിക്കണം. എങ്കിൽ മാത്രമെ കൃത്യസമയത്തുള്ള പരാഗണത്തിലൂടെ എല്ലാ പെൺ പൂക്കളും കായ്കളായി മാറുകയുള്ളൂ. സ്വയം പരാഗണം പരിമിതമായതിനാൽ, വാനിലയുടേതു പോലെ ഇതിനും ആൺ പൂക്കൾ പെൺ പൂക്കളിൽ മുട്ടിച്ചു കൊടുക്കേണ്ടതുണ്ട്.



കിഴങ്ങുകളിൽ നിന്നു വളർത്തിയ ഗൻറോല ചെടികൾ ഏതാണ്ട് 35 ദിവസത്തിനുള്ളിൽ പൂവിടും. ഉറപ്പുള്ള തൂണുകളിൽ നിർമിച്ച പന്തൽ അത്യാവശ്യമാണ്. ചെടിയുടെ ചുവട്ടിൽ വൈക്കോലും ജൈവ വസ്തുക്കളും ഉപയോഗിച്ചുള്ള പുത ഇടുന്നതു കള നിയന്ത്രിക്കാനും വളർച്ച ത്വരിതപ്പെടുത്താനും സഹായിക്കും. തൈകൾ മുളച്ചു ഒരാഴ്ചക്കകം തന്നെ പന്തലിൽ കയറും. കൈകൊണ്ടു പരാഗണം നടത്താനുള്ള സൗകര്യത്തിനു നടപ്പാ തകളും ക്രമീകരിക്കണം.

ഒരു മാസം പ്രായമായ ചെടികളുടെ ചുവട്ടിൽ 250 ഗ്രാം വേപ്പിൻ പിണ്ണാക്കും രണ്ടു കിലോ ഉമിയും ചേർത്തു വിതറിയ ശേഷം ചെറുതായി കൊത്തി ഇളക്കിക്കൊടുത്താൽ നിമാവിരകളുടെ ശല്യം കുറയും. തുടർന്നു 3–4 മാസക്കാലത്തേക്കു മാസത്തിലൊരിക്കൽ വേപ്പിൻ പിണ്ണാക്ക് വെള്ളത്തിൽ കുതിർത്ത് അതിൻെറ തെളി ചുവട്ടിൽ ഒഴിച്ചു കൊടുത്തുകൊണ്ടിരുന്നാൽ നിമാവിരകളുടെ ശല്യം തീർത്തും ഇല്ലാതാകും.

ധാരാളം പൂക്കൾ ഉണ്ടാകാനും അതുവഴി മെച്ചപ്പെട്ട വിളവ് കിട്ടാനും ആദ്യ നാലു മാസം ജൈവ വളങ്ങൾ ദ്രവരൂപത്തിൽ കൊടുക്കുന്നതാണു നല്ലത്. അതിനായി ഒരു കിലോ വീതം കടലപിണ്ണാക്ക്, വേപ്പിൻപിണ്ണാക്ക്, എല്ലുപൊടി എന്നിവ അഞ്ച് കിലോ പച്ചചാണകത്തിൽ കലർത്തി, ആവശ്യത്തിനു വെള്ളമൊഴിച്ചു അഞ്ചു ദിവസം പുളിപ്പിച്ച ശേഷം പത്തിരട്ടി വെള്ളം ചേർത്തു നേർപ്പിച്ച് അഞ്ചു ലിറ്റർ വീതം തടങ്ങളിൽ ഒഴിച്ചു കൊടുക്കുന്നത് അത്യുത്തമമാണ്. ആഴ്ചയി ലൊരിക്കൽ ഒലകളിൽ ഫിഷ് അമിനോ ആസിഡ് മൂന്നു മില്ലി, ഒരു ലിറ്റർ വെള്ളത്തിൽ ചേർത്തു തളിച്ചു കൊടുത്താൽ പൂക്കൾ ധാരാളമായി ഉണ്ടാകും.

ആൺ പൂക്കളിൽ നിന്നു ശേഖരിച്ച പൂമ്പൊടി കഴിവതും ഉച്ചക്കു മുമ്പായി (ഈർപ്പമുള്ള കാലാവസ്ഥ) പെൺ പൂക്കളിൽ എത്തിക്കുന്നതാണു നല്ലത്. ചെറിയ ബ്രഷ് ഉപയോഗിച്ചു പൂമ്പൊടി ശേഖരിച്ചു നേരിട്ട് പെൺ പൂക്കളിലെത്തിക്കാം. അല്ലെങ്കിൽ ആൺപൂക്കൾ മുറിച്ചെടുത്തു പെൺപൂക്കളിൽ മുട്ടിച്ചു പരാഗണം നടത്താം.

പരാഗണത്തിനു ശേഷം 10–12 ദിവസം കഴിയുന്നതോടെ വിളവെടുക്കാം. നീളമുള്ള ഞെട്ടുകൾ സഹിത മാണു കായ്കൾ പറിച്ചെടുക്കേണ്ടത്.

ശരാശരി 10–12 കിലോ കായ്കൾ നാലു മാസം നീണ്ടു നിൽക്കുന്ന വിളവെടുപ്പു കാലത്ത് ഓരോ ചെടിയിൽ നിന്നും കിട്ടും. നല്ല പരിചരണം ഉറപ്പാക്കിയാൽ ഒറ്റപ്പെട്ട ചെടികളിൽ നിന്നു 20 കിലോയിലധികം വിളവ് ലഭിക്കും. പറിച്ചെടുത്ത കായ്കൾ ഈർപ്പം നഷ്ടപ്പെടാതെ നനഞ്ഞ തുണി കൊണ്ടു മൂടി തണലിൽ ശേഖരിച്ചു വിപണിയിൽ എത്തിക്കാം. വായു കടക്കാത്ത പോളി ബാഗുകളിലാക്കി രണ്ടാഴ്ച വരെയും ശീതികരിച്ചു സൂക്ഷിക്കാം. പാവക്ക ചേർത്തുണ്ടാക്കുന്ന എല്ലാ നാടൻ കറികൾക്കും അച്ചാർ, വറ്റൽ തുടങ്ങി യവയ്ക്കും ഗൻറോല വളരെ വിശേഷപ്പെട്ടതാണ്.

അഞ്ചാറു മാസങ്ങൾക്കുള്ളിൽ ചെടികൾ വളർച്ച മുരടിച്ചു ഇലകൾ മഞ്ഞ നിറമാകുന്നതോടെ നന നിർത്തി ചെടികളെ വിശ്രമിക്കാൻ വിടുക. തലപ്പുകൾ ഉണങ്ങുന്ന മുറയ്ക്കു ചുവട് കൊത്തിക്കിളച്ച് കിഴങ്ങുകൾ ശേഖരിച്ചു തണലിൽ ഒരു കുഴിയിൽ ഇട്ടു മൂടി വച്ചാൽ പിന്നീട് ഇത് വിത്തായി ഉപയോഗിക്കാം.

മൂന്നുനാലു മാസം കഴിഞ്ഞ് മുൻ വർഷത്തെ ഗൻറോല ചെടികളുടെ ചുവട്ടിൽ നിന്ന് അങ്ങിങ്ങായി പടർന്ന വേരുകളിൽ നിന്നു മുളച്ചു വരുന്ന തൈകൾ അകലം പാലിച്ചു പന്തലിൽ കയറ്റിവിട്ടാൽ രണ്ടാം വർഷവും വലിയ മുതൽ മുടക്കില്ലാതെ ഒരു വിളവു കൂടി ലഭിക്കും. നിമാവിര ശല്യം ഒഴിവാക്കാൻ ഗനറോലയും മറ്റു വെള്ളരിവർഗ വിളകളും ഒരേ കൃഷിയിടത്തിൽ തുടർച്ചയായി കൃഷി ചെയ്യാതിരിക്കുകയാണ് നല്ലത്.

കമ്പിളിപ്പുഴു, കായീച്ച, ശല്ക്ക കീടങ്ങൾ, നിമാവിരകൾ എന്നിവയാണു ഗൻറോലയുടെ പ്രധാന ശത്രുക്കൾ . കമ്പിളിപ്പുഴുക്കളെ പിടിച്ചു നശിപ്പിക്കു കയോ 100 ഗ്രാം കാന്താരി മുളക് ഒരു ലിറ്റർ ഗോമൂത്രത്തിൽ അരച്ചു കലക്കി 10 ലിറ്റർ വെള്ളം ഒഴിച്ചു നേർപ്പിച്ചു തളിച്ചു കൊടുക്കുകയോ ചെയ്യാം.

വെളുത്തുള്ളി, വേപ്പെണ്ണ, കാന്താരി മുളക്, ബാർ സോപ്പ് മിശ്രിതം ശല്ക്ക കീടങ്ങൾ ഉൾപ്പെടെയുള്ള മിക്ക കീടങ്ങൾക്കും ഫലപ്രദമാണ്. ഇളം കായ്ക്കൾ പൊതിഞ്ഞു കെട്ടിയും ഫിറമോൺ കെണി, ശർക്കര തുളസിക്കെണി, തുടങ്ങിയവ ഉപയോഗിച്ചും ബ്യുവേറിയ ബാസിയാനാ എന്ന മിത്രകുമിൾ തടങ്ങളിൽ വിതറിയും ഈച്ച കുത്തിയ കായ്ക്കൾ പറച്ചു നശിപ്പിച്ചും കായീച്ചകളെ നിയന്ത്രിക്കാം.

ഈസ്റ്റും കീടനാശിനിയും ചേർത്തു ചിരട്ടക്കെണികൾ സ്ഥാപിച്ചും കീടങ്ങളെ നശിപ്പിക്കാം.

# റബറിന് ഇടവിളയായി വട്ട

റബറിൻെറ വിലയിടിവ് കർഷകരെ വല്ലാത്ത പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഇടവിളകളെ കുറിച്ചും റബറിൻെറ മൂല്യവർധിത ഉത്പന്നങ്ങളെ കുറിച്ചും ഗൗരവമായി ചിന്തിക്കേണ്ട കാലമാണിത്.

റബറിന് ഇടവിളയായി കൃഷി ചെയ്യുന്ന പൈനാപ്പിൾ, ഇഞ്ചി, വാഴ തുടങ്ങിയവയ്ക്കൊപ്പം വട്ട എന്ന പാഴ്മരവും ലാഭകരമായി വളർത്താൻ കഴിയും. യൂഫോർബിയേസിയേ കുലത്തിൽപ്പെട്ട വട്ടയുടെ ശാസ്ത്ര നാമം “Macaranga roxburghi’ എന്നാണ്. വട്ടയുടെ തടിക്ക് ഈടും ബലവും കുറവായതിനാൽ പ്ലൈവുഡ്, തീപ്പെട്ടി എന്നീ വ്യവസായങ്ങളിൽ വ്യാപകമായി ഉപയോഗിച്ചു വരുന്നു.

നാല് റബർ മരങ്ങൾക്ക് നടുവിലായി 25 സെ. മീറ്റർ ആഴത്തിലും വീതിയിലും നീളത്തിലും കുഴിയെടുത്ത് അതിൻെറ മുക്കാൽ ഭാഗം ചാണകം, മേൽമണ്ണ് എന്നിവ നിറച്ചശേഷമാണ് തൈകൾ നടേണ്ടത്. ടാപ്പ് ചെയ്തു കൊണ്ടിരിക്കുന്ന മരങ്ങൾക്ക് ഇടവിളയായി വേണം വട്ട നടേണ്ടത്. അല്ലെങ്കിൽ വട്ട അതിവേഗം വളർന്നു റബറിൻെറ വളർച്ച മുരടിപ്പിക്കും. വട്ടമരങ്ങളുടെ ഉയരം റബർ മരങ്ങൾക്കു താഴെയായതിനാൽ അവ തമ്മിൽ സൂര്യപ്രകാശത്തിന് മത്സരിക്കുകയുമില്ല.

വട്ടമരത്തിൻെറ ശാഖകൾ ഒടിച്ചു കളയുകയാണെങ്കിൽ തായ്ത്തടി വേഗത്തിൽ വണ്ണംവച്ച് ഒറ്റത്തടിയായി വളരും. ഇതുവഴി തടിക്ക് കൂടുതൽ വില ലഭിക്കും. കാര്യമായ രോഗങ്ങളൊന്നും വട്ടയെ ബാധിക്കാറില്ല. എന്നാൽ തണ്ട് തുരപ്പൻ പുഴുവിൻെറ ആക്രമണം കണ്ടുവരുന്നുണ്ട്. ഒക്ടോബർ നവംബർ മാസങ്ങളിലാണ് തണ്ട് തുരപ്പൻെറ ആക്രമണം കൂടുതലായി കാണുന്നത്. ഇതിൻെറ ആക്രമണം മൂലം വട്ടയുടെ വളർച്ച ഗണ്യമായി കുറയും. മരം വേഗം ഒടിയാനും കാരണമാകും.

തണ്ട് തുരപ്പൻ ആക്രമിച്ചു കയറിയ തുളയിലൂടെ നൂർക്കമ്പിയോ പച്ച ഈർക്കിലോ കയറ്റി നശിപ്പിച്ചശേഷം ദ്വാരം പച്ചച്ചാണകമോ കുഴച്ച മണ്ണോ ഉപയോഗിച്ച് അടക്കണം. ഇതിനു ശേഷവും കീടബാധ കാണുകയാണെങ്കിൽ കീടനാശിനി ഉപയോഗിക്കണം. റബർ മരങ്ങൾക്കിടയിൽ വളരുന്ന വട്ട 18–20 വർഷം കൊണ്ട് 35 മുതൽ 40 ഇഞ്ച് വണ്ണം വയ്ക്കും.



# നെൽ കർഷകർക്ക് ആശ്വാസമായി കാർഷിക ഉപകരണങ്ങൾ നൽകി

**കോഴിക്കോട്:** ആയഞ്ചേരിയിലെ പാടശേഖര സമിതിക്ക് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കാർഷിക ഉപകരണങ്ങൾ നൽകി. പരിപാടിയുടെ ഉദ്ഘാടനം പ്രസിഡന്റ് കാട്ടിൽ മൊയ്തു മാസ്റ്റർ നിർവഹിച്ചു.



വടകര താലൂക്കിന്റെ നെല്ലറ എന്നറിയപ്പെടുന്ന കോൾനിലങ്ങളിൽ നല്ലൊരു ശതമാനവും ആയഞ്ചേരി പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. ധാരാളം നെൽ കർഷകരുണ്ടെങ്കിലും കൂലിച്ചെലവ് താങ്ങാൻ കഴിയാതെയും കൃഷിനാശവും മറ്റും സംഭവിച്ചും പലരും ഈ രംഗത്തിന് മാറിനിന്ന സാഹചര്യമാണുള്ളത്. ഈ സാഹചര്യത്തിൽ 202223 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് മൂന്ന് ലക്ഷത്തിലധികം രൂപയുടെ കാർഷിക ഉപകരണങ്ങൾ നൽകി. മെതിയന്ത്രം, പെട്രോൾ പമ്പ് സെറ്റ്, സ്പ്രെയർ, അർബാന, പുല്ല് വെട്ടി യന്ത്രം, വെയിംഗ് മെഷീൻ തുടങ്ങിയവയാണ് കർഷകർക്ക് സൗജന്യമായി നൽകിയത്.

വൈസ് പ്രസിഡന്റ് സരള കൊള്ളിക്കാവിൽ അധ്യക്ഷയായി. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻടി.വി. കുഞ്ഞിരാമൻ മാസ്റ്റർ, പഞ്ചായത്ത് അംഗങ്ങളായ ടി. കെ. ഹാരിസ്, എ. സുരേന്ദ്രൻ, എം.വി. ഷൈബ, പി. കെ. ആയിഷ, കൃഷി ഓഫീസർ, പാടശേഖരസമിതി ഭാരവാഹികളായ കെ.എം.വേണു, അരയാക്കൂൽ രാജൻ, താനക്കണ്ടി ബാബു തുടങ്ങിയവർ സംബന്ധിച്ചു.

## കൃഷിയിടങ്ങളിൽ മരുന്നുതളിക്കാൻ സബ്സിഡി നിരക്കിൽ ഡ്രോൺ

**മാനന്തവാടി:** കൃഷിയിടങ്ങളിൽ മരുന്നുതളിക്കാൻ കാർഷിക യന്ത്രവത്കരണ ഉപപദ്ധതിയിൽ കൃഷി വകുപ്പ് സബ്സിഡി നിരക്കിൽ കർഷകർക്കും കർഷക കൂട്ടായ്മകൾക്കും ഡ്രോൺ നൽകുന്നു. ആധുനിക എച്ച് 12 എംകെ 15 ട്രാൻസിസ്റ്റർ ഡ്രോണാണ് വിതരണം ചെയ്യുക. ഒരേസമയം 10 ലിറ്റർ മരുന്ന് സംഭരിക്കാൻ ശേഷിയുള്ളതാണ് ഡ്രോൺ. ഇതുപയോഗിച്ച് 12 മിനിട്ടിൽ രണ്ട് എക്കറിൽ മരുന്ന് തളിക്കാൻ കഴിയും. നാല് സ്പ്രെയറുകളാണ് ബാറ്ററി ഉപയോഗിച്ച് പ്രവർത്തിപ്പിക്കാവുന്ന റിമോട്ട് സംവിധാനമുള്ള ഡ്രോണിൽ. ദ്രവരൂപത്തിലുള്ള ഏതു മരുന്നും ഇതിൽ ഉപയോഗിക്കാം. ഡ്രോൺ പ്രവർത്തിപ്പിക്കുന്നതിൽ പരിശീലനം കൃഷി വകുപ്പ് നൽകും. ഡ്രോൺ കർഷകർക്ക് ഏറെ ഉപകാരപ്രദമാകുമെന്ന് കൃഷി അസി.എക്സിസിക്യൂട്ടീവ് എൻജിനിയർ ഹാജാ ഷെരീഫ് പറഞ്ഞു. 9.45 ലക്ഷം രൂപയാണ് ഡ്രോൺ വില. കർഷകർക്ക് 50 ഉം എഫ്പിഒകൾക്ക് 75 ഉം ശതമാനം സബ്സിഡിയിലും വാങ്ങാം. സംസ്ഥാനത്ത് ആദ്യമായി ജില്ലയിലാണ് കൃഷി വകുപ്പ് ഡ്രോൺ വിതരണം ചെയ്യുന്നത്.

## നഴ്സിംഗ് അസിസ്റ്റന്റ് ഒഴിവ്

**കോഴിക്കോട്:** ഗവ മെഡിക്കൽ കോളേജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചെസ്റ്റ് ഡിസീസസ് ഐ.സി.യുവിലേക്ക് നഴ്സിംഗ് അസിസ്റ്റന്റിന്റെ ഒഴിവിലേക്ക് താത്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. സമാന മേഖലയിൽ കുറഞ്ഞ് ഒരു വർഷത്തെ പ്രവൃത്തി പരിചയമുള്ളവരുടെ കൂടിക്കാഴ്ച മെയ് പത്ത് രാവിലെ 11 മണിക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചെസ്റ്റ് ഡിസീസസ് കാര്യാലയത്തിൽ നടക്കുമെന്ന് സൂപ്രണ്ട് അറിയിച്ചു. ബ്രോങ്കോസ്കോപ്പി തീയേറ്ററിൽ പ്രവർത്തിപരിചയമുള്ളവർക് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക് : 0495 2359645.




# കോട്ടയം ജില്ലയിലെ ജലഗതാഗത മേഖലയിലും അപകടം പതിയിരിക്കുന്നു

**കോട്ടയം:** താനൂർ ബോട്ടപകടം വിളിച്ചുവരുത്തിയ ദുരന്തമെന്ന വിമർശനം ഉയരുമ്പോൾ ജില്ലയിലെ ജലഗതാഗത മേഖലയിലും അപകടം പതിയിരിക്കുന്നു. ജലഗതാഗത വകുപ്പിൻറെ ബോട്ട് സർവീസുകൾ കാലപ്പഴക്കം ചെന്നതാണെന്നുള്ളതാണ് പ്രധാന വിമർശനം.

ഇതുകൂടാതെ കുമരകത്തും വേമ്പനാട്ടുകായലിലും ഫിറ്റ്നസില്ലാത്ത ബോട്ടുകൾ ഉല്ലാസ യാത്രയ്ക്കായി ഇപ്പോഴും ഉപയോഗിക്കുന്നുണ്ട്. ഹൗസ് ബോട്ടുകളിലും മറ്റും പരമാവധിയിലധികം ആളുകളുമായിട്ടാണ് പലപ്പോഴും യാത്ര. അപകടം ക്ഷണിച്ചുവരുത്തുന്ന ഇത്തരം നടപടികൾ പരിശോധിക്കാനുള്ള സംവിധാനങ്ങളാകട്ടെ ഉണർന്നു പ്രവർത്തിക്കുന്നുമില്ല. ജലഗതാഗത വകുപ്പിൻറെ രണ്ടു ബോട്ട് സർവീസുകളാണ് ജില്ലയിലുള്ളത്. കോട്ടയംആലപ്പുഴ, കുമരകംമുഹമ്മ എന്നിങ്ങനെയാണ് സർവീസുകൾ. ഇതിൽ കുമരകംമുഹമ്മ സർവീസുകൾക്കായി പുതിയ സ്റ്റീൽ ബോട്ടുകളാണുള്ളത്.

കോട്ടയംആലപ്പുഴ സർവീസുകളിൽ രണ്ടെണ്ണം കോട്ടയം ഡിപ്പോയുടെയും ഒരെണ്ണം ആലപ്പുഴയുടേതുമാണ്. മൂന്നു ബോട്ടുകളും തടി ബോട്ടുകളാണ്. എല്ലാ വർഷവും ഫിറ്റ്നസ് പരിശോധിക്കാറുള്ള ബോട്ടുകൾക്ക് നിലവിൽ കുഴപ്പമൊന്നുമില്ലെന്നാണ് അധികൃതർ പറയുന്നതെങ്കിലും കാലപ്പഴക്കം മൂലമുള്ള പ്രശ്നങ്ങളുണ്ട്. ഒരു ബോട്ടിന് 75 സീറ്റിംഗ് കപ്പാസിറ്റിയും ഒരു ബോട്ടിന് 101 സീറ്റിംഗ് കപ്പാസിറ്റിയുമാണുള്ളത്. അവധി ദിവസങ്ങളിൽ ആളുകൾ കൂടുതൽ കയറാറുണ്ട്. പരിധിയിൽ കൂടുതൽ ആളുണ്ടെങ്കിൽ സർവീസ് നടത്തരുതെന്നാണ് നിർദേശമെങ്കിലും ഇതു പലപ്പോഴും പാലിക്കാൻ പറ്റുന്നില്ല. അവധി ദിവസങ്ങളിലും മറ്റും യാത്രക്കാരുടെ ബാഹുല്യം ഏറെയുള്ളതിനാൽ ഒരു ബോട്ടുകൂടി അനുവദിക്കണമെന്ന നിർദേശം ജലഗതാഗത വകുപ്പ് ഇതുവരെ പാലിച്ചിട്ടില്ല.

## ടെണ്ടർ ക്ഷണിച്ചു

**തൃശ്ശൂർ:** ആരോഗ്യ കേരളം ദേശീയ ആരോഗ്യദൗത്യത്തിന് കീഴിലെ തൃശ്ശൂർ ഗവ മെഡിക്കൽ കോളേജിലെ കോംപ്രിഹെൻസീവ് ലാക്റ്റേഷൻ മാനേജ്മെന്റ് സെന്ററിലേക്ക് ബ്രെസ്റ്റ് പമ്പ്, ബ്രെസ്റ്റ് പമ്പ് സെറ്റ്, മിൽക്ക് ബോട്ടിൽ (150 എംഎൽ) എന്നിവ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചു. 2023 മെയ് 25 രാവിലെ 11 മണിക്ക് മുതൽ രണ്ട് വരെ ടെണ്ടർ സ്വീകരിക്കും.

## അപേക്ഷ ക്ഷണിച്ചു

**തൃശ്ശൂർ:** അയലൂർ കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ വിവിധ കമ്പ്യൂട്ടർ കോഴ്സുകൾ, റോബോട്ടിക്സ്, വ്യക്തിത്വ വികസനം, യുജിസി നെറ്റ് കോച്ചിങ്, പ്രവേശന പരീക്ഷാ പരിശീലനം തുടങ്ങിയ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഫോൺ: 04923 241766.

## അധ്യാപക നിയമനം

**തിരുവനന്തപുരം:** യൂണിവേഴ്സിറ്റി കോളേജിൽ 20232024 അധ്യയന വർഷത്തേക്ക് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ അതിഥി അധ്യാപകരെ താൽക്കാലികമായി നിയമിക്കുന്നതിനുള്ള അഭിമുഖം 2023 മേയ് 18 രാവിലെ 11 ന് പ്രിൻസിപ്പലിന്റെ ഓഫീസിൽ നടത്തും. യു.ജി.സി. നിഷ്കർഷിച്ച യോഗ്യത ഉള്ളവരും കോളേജ് വിദ്യാഭ്യാസ വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ അതിഥി അധ്യാപകരുടെ പാനലിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ ഉദ്യോഗാർത്ഥികൾക്ക് പങ്കെടുക്കാം. ഉദ്യോഗോർത്ഥികൾ ബയോഡാറ്റ, യോഗ്യതാ സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ്, മുൻപരിചയം, തിരിച്ചറിയൽ രേഖ എന്നിവയുടെ പകർപ്പുകൾ സഹിതം മേയ് 18 രാവിലെ 11 മണിക്ക് പ്രിൻസിപ്പാൾ മുൻപാകെ ഹാജരാകണം.

## ഇന്റർവ്യൂ

**കോഴിക്കോട്:** സഹകരണ വകുപ്പിനു കീഴിലുള്ള സംസ്ഥാന സഹകരണ യൂണിയന്റെ നെയ്യാർഡാമിന് സമീപത്തുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) 202325 എം.ബി.എ. (ഫുൾ ടൈം) ബാച്ചിലേക്ക് മെയ് 12 ന് രാവിലെ 10 മണി മുതൽ 12 മണി വരെ ഇന്റർവ്യൂ നടത്തും. കേരള സർവ്വകലാശാലയുടെയും എ.ഐ.സി.ടിയുടെയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവത്സര കോഴ്സിൽ ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ്, ലോജിസ്റ്റിക് സിസ്റ്റം എന്നിവയിൽ ഡ്യൂവൽ സ്പെഷ്യലൈസ്റ്റേഷന് അവസരമുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആശ്രിതർക്ക് പ്രത്യേക സ്കോളർഷിപ്പും, എസ്.സി./എസ്.ടി/ ഒ.ഇ.സി/ ഫിഷർമാൻ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സർക്കാർ, യൂണിവേഴ്സിറ്റി നിബന്ധനകൾക്ക് വിധേയമായി ഫീസ് ആനുകൂല്യവും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 8547618290

## അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ മെയ് മാസം ആരംഭിക്കുന്ന രണ്ടു വർഷം, ഒരു വർഷം, ആറു മാസം ദൈർഘ്യമുള്ള മോണ്ടിസ്സോറി, പ്രീ പ്രൈമറി, നഴ്സറി ടീച്ചർ ട്രെയിനിംഗ് കോഴ്സുകൾക്ക് ഡിഗ്രി/ പ്ലസ് ടു/ എസ്.എസ്.എൽ.സി യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് : 7994449314

# ബോട്ടുകളിൽ സുരക്ഷാ ക്രമീകരണങ്ങൾ സജ്ജമാക്കണം



**കൊച്ചി:**എറണാകുളം ജില്ലയിൽ സുരക്ഷാ ക്രമീകരണങ്ങൾ ഇല്ലാതെയും നിയമനുസൃതമല്ലാതയും സർവീസ് നടത്തുന്ന ബോട്ടുകൾക്കെതിരെ കർശന നടപടി സ്വീകരി ക്കണമെന്ന് ജില്ലാ കളക്ടർ എൻ. എസ്. കെ. ഉമേഷ് നിർദേശിച്ചു. വിനോദ സഞ്ചാര കേന്ദ്രങ്ങളും ഫെറി സർവീസുകളും ഉൾപ്പെടെ ബോട്ട് സർവീസ് നടത്തുന്ന ഇടങ്ങൾ പരിശോധിച്ച് ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണം. സുരക്ഷാ ക്രമീകരണങ്ങൾ ഇല്ലെങ്കിൽ അവ സജ്ജമാക്കാൻ നിർദ്ദേശം നൽകണം.മലപ്പുറം ജില്ലയിലെ താനൂരിൽ വിനോദ യാത്ര ബോട്ട് അപകടത്തിൽപ്പെട്ട സാഹചര്യത്തിലാണ് നിർദേശം. യാനങ്ങളിൽ ആവശ്യമായ സുരക്ഷാ സജ്ജീകരണങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്താൻ പൊതുജനങ്ങൾ ശ്രദ്ധിക്കണമെന്നും കളക്ടർ പറഞ്ഞു.

# മികച്ച സി.ഡി.എസ് തിരഞ്ഞെടുപ്പ്; പ്രവർത്തനാവതരണം മെയ് 10 ന്

**കൊച്ചി:** ജില്ലയിലെ മികച്ച സി.ഡി.എസിനെ തിരഞ്ഞെടുക്കുന്ന പരിപാടി മെയ് 10ന് സംഘടിപ്പിക്കുമെന്ന് കുടുംബശ്രീ ജില്ലാ മിഷൻ കോ ഓഡിനേറ്റർ അറിയിച്ചു. മെയ് 8 ന് നടത്താനിരുന്ന പരിപാടിയാണ് മെയ് 10 ന് നടത്തുന്നത്.കുടുംബശ്രീ രജത ജൂബിലി ആഘോഷത്തിന്റെ ഭാഗമായി 202223 സാമ്പത്തിക വർഷത്തിലെ മികച്ച സി.ഡി.എസിനെയാണ് തിരഞ്ഞെടുക്കുന്നത്.രാവിലെ 10 മുതൽ കലൂർ പാർക്ക് സെൻട്രൽ ഹോട്ടലിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന 12 സി.ഡി.എസ്സുകൾ തങ്ങളുടെ പ്രവർത്തനം അവതരിപ്പിക്കും. ചടങ്ങിൽ ജില്ലാ കളക്ടർ എൻ.എസ്. കെ ഉമേഷ് സി.ഡി.എസ് ചെയർപേഴ്സൺമാരെ അഭിസംബോധന ചെയ്യും. ജില്ലയിലെ ആകെ 102 സി.ഡി.എസുകളിൽ നിന്നും 65 സി.ഡി.എസുകൾ നാമനിർദേശം സമർപ്പിച്ചിരുന്നു. സി.ഡി.എസുകളിലെ തനത് പ്രവർത്തനം, രേഖകളുടെ സൂക്ഷിപ്പ്, സംഘടന, മൈക്രോ ഫിനാൻസ്, സൂക്ഷ്മസംരംഭങ്ങൾ, പ്രത്യേക ഇടപെടലുകൾ, കൃഷി, മൃഗസംരക്ഷണം, ഗ്രാമീണ മേഖലയിലെ നിർധനരായ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനത്തോടൊപ്പം തൊഴിലും നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജനയുടെ പ്രവർത്തനങ്ങൾ (ഡിഡിയുജികെവൈ), സാമൂഹ്യ വികസനം, ജെൻഡർ മാർക്കറ്റിംഗ്, സ്കിൽ എന്നീ മേഖലകളിലെ പ്രവർത്തനം പരിഗണിച്ചാണ് 12 പേരെ ചുരുക്കപ്പട്ടിയിൽ ഉൾപ്പെടുത്തിയത്. മാറാടി, രാമമംഗലം, ആവോലി, എടത്തല, പള്ളിപ്പുറം, ചേന്ദമംഗലം, കവളങ്ങാട്, കുമ്പളം, കോട്ടുവള്ളി, എടവനക്കാട്, വെങ്ങോല എന്നീ പഞ്ചായത്തുകളിലെ സി.ഡി.എസുകളാണ് ചുരുക്കപ്പട്ടികയിലുള്ളത്. ജില്ലാ തലത്തിൽ ഒന്നാമത് എത്തുന്ന സിഡിഎസിന് 50,000 രൂപയും പ്രശസ്തി പത്രവും സമ്മാനമായി ലഭിക്കും. ജില്ലയിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന സി.ഡി.എസിന സംസ്ഥാന തല മത്സരത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കും.സംസ്ഥാനതലത്തിൽ ഒന്ന്, രണ്ട് , മൂന്ന് സ്ഥാനങ്ങളിൽ എത്തുന്നവർക്ക് യഥാക്രമം 1,00,000 രൂപ, 75,000 രൂപ,50,000 രൂപ ഫലകം എന്നിവ ലഭിക്കും.കുടുംബശ്രീ സംസ്ഥാന മിഷൻ പ്രതിനിധികൾ, മറ്റ് ഉദ്യോഗസ്ഥർ, സി.ഡി.എസ് ചെയർപേഴ്സൺമാർ, അക്കൗണ്ടന്റുമാർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും.

# കൊച്ചിയിൽ മൊസാന്ത ടെക്നോളജീസിന്റെ പുതിയ സെന്റർ ഓഫ് എക്സലൻസ്



**കൊച്ചി :**കൊമേഴ്സ് സൊല്യൂഷനുകളുടെ മുൻനിര ദാതാക്കളായ മൊസാന്ത ടെക്നോളജീസ് കൊച്ചി ഇൻഫോപാർക്കിൽ പുതിയ സെന്റർ ഓഫ് എക്സലൻസ് ആരംഭിച്ചു. ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ ഉദ്ഘാടനം ചെയ്തു. ഒരു വർഷം മുൻപ് കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചിരുന്ന മൊസന്ത ടെക്നോളജീസ് ജീവനക്കാരുടെ എണ്ണത്തിലുണ്ടായ വർധനവും ഉൽപ്പന്നങ്ങൾക്ക് ആവശ്യക്കാർ കൂടുന്നതിനാലുമാണ് പുതിയ കെട്ടിടത്തിലേക്ക് മാറിയതെന്ന് മൊസാന്ത ടെക്നോളജീസിന്റെ സെന്റർ ഹെഡും പ്രൊഡക്ട് ഡയറക്ടറുമായ ആശിഷ് തോമസ് പറഞ്ഞു.ഇകൊമേഴ്സിനായി അത്യാധുനിക പരിഹാരങ്ങൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സെന്റർ ഓഫ് എക്സ്സെലൻസിന്റെ പുതിയ ഓഫീസ് ഗവേഷണത്തിന്റെയും വികസനത്തിന്റെയും പ്രഭവകേന്ദ്രമാണ്. തിരുവനന്തപുരത്തെ ടെക്നോപാർക്കിൽ രണ്ട് അത്യാധുനിക ലോകോത്തര 'വികസന കേന്ദ്രങ്ങളും' ദുബായിൽ ഒരു 'ഗ്ലോബൽ കസ്റ്റമർ സക്സസ് സെന്ററും' ഉള്ള മൊസാന്താ ടെക്നോളജീസിന്റെ നാലാമത്തെ സംരംഭമാണിത്.അത്യാധുനിക ഇൻഫ്രാസ്ട്രക്ചറുകളും ലോകോത്തര സൗകര്യങ്ങളും വാഗ്ദാനം ചെയ്യുന്ന കൊച്ചി ഇൻഫോപാർക്കിലെ പുതിയ സ്ഥാപനം ഇകൊമേഴ്സ് ടെക്നോളജി സൊല്യൂഷനുകൾക്കായുള്ള പുതിയ സെന്റർ ഓഫ് എക്സലൻസിന് അനുയോജ്യമായ സ്ഥലമാണ്.കമ്പനിയുടെ തന്ത്രപരമായ നീക്കമെന്ന നിലയിൽ പുതിയ സെന്റർ ഓഫ് എക്സലൻസ് കൊച്ചിയിൽ തുറക്കുന്നതിൽ സന്തോഷമുണ്ടെന്നും ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന നൂതന ഇകൊമേഴ്സ് സാങ്കേതിക പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഒരു കേന്ദ്രമായി ഈ ഓഫീസ് പ്രവർത്തിക്കുമെന്നും ആശിഷ് തോമസ് പറഞ്ഞു.

# കോതമംഗലം സബ് രജിസ്ട്രാർ ഓഫീസിന് പുതിയ മന്ദിരം ഒരുങ്ങി



**കൊച്ചി:** കോതമംഗലം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി. അൻപത് വർഷത്തോളം പഴക്കമുള്ള കെട്ടിടത്തിലായിരുന്നു കോതമംഗലം സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചിരുന്നത്. നിരവധി റെക്കോർഡുകളും രേഖകളും സൂക്ഷിക്കേണ്ട ഓഫീസിൽ സ്ഥല പരിമിതി മൂലം ജീവനക്കാരും, പൊതു ജനങ്ങളും വലിയ ബുദ്ധിമുട്ടാണ് അനുഭവിച്ചിരുന്നത്.ഈ സാഹചര്യത്തിലാണ് പഴയ കെട്ടിടം പൊളിച്ചുനീക്കി പുതിയ ഓഫീസ് നിർമ്മിക്കാൻ തീരുമാനമായത്. കിഫ്ബി ഫണ്ടിൽ നിന്നും 1.73 കോടി രൂപ ചെലവഴിച്ചാണ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. ആകെ 589.93 ചതുരശ്ര മീറ്റർ വിസ്തീർണത്തിൽ ഇരു നിലകളിലായാണ് ഓഫീസ് മന്ദിരം യാഥാർത്ഥ്യമായിരിക്കുന്നത്. അത്യാധുനിക നിലവാരത്തിൽ ഒരുക്കിയിരിക്കുന്ന കെട്ടിടത്തിൽ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങളും ക്രമീകരിച്ചിട്ടുണ്ട്. കോതമംഗലം നഗരസഭ, നെല്ലിക്കുഴി, കോട്ടപ്പടി, പിണ്ടിമന, കവളങ്ങാട്, കീരംപാറ, കുട്ടമ്പുഴ എന്നീ ഗ്രാമ പഞ്ചായത്തുകളിൽപ്പെട്ട ഒൻപത് വില്ലേജ് ഓഫീസുകളാണ് ഈ ഓഫീസിന്റെ പ്രവർത്തന പരിധിയിൽ വരുന്നത്. രജിസ്ട്രേഷനും മറ്റ് അനുബന്ധ സേവനങ്ങൾക്കുമായി ആയിരക്കണക്കിന് ആളുകളാണ് ഈ ഓഫീസിനെ ആശ്രയിച്ചു വരുന്നത്. നഗര മധ്യത്തിൽ തന്നെ പുതിയ കെട്ടിടം നിർമ്മിച്ചതിനാൽ ജനങ്ങൾക്ക് സൗകര്യപ്രദമായും മികച്ച നിലവാരത്തിലും സേവങ്ങൾ ലഭ്യമാക്കാൻ കഴിയും.

# 'നിറച്ചാർത്ത് 2023' : ചിത്രരചന ഉത്സവം സംഘടിപ്പിച്ചു



**കൊച്ചി:** ഓൾ കേരള ഔട്ട്ഡോർ അഡ്വർടൈസിംഗ് വർക്കേഴ്സ് യൂണിയന്റെ ആഭിമുഖ്യത്തിൽ ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രത്തിൽ സംഘടിപ്പിച്ച ചിത്രരചന ഉത്സവം 'നിറച്ചാർത്ത് 2023' മേയർ അഡ്വ.എം അനിൽകുമാർ ഉദ്ഘാടനം ചെയ്തു. വരയ്ക്കാനുള്ള ജന്മസിദ്ധമായ കഴിവിനെ ഇതേപോലെയുള്ള പ്രവർത്തനങ്ങളിലൂടെ വളർത്തിയെടുക്കാൻ ഇത്തരം കലാ പ്രവർത്തനങ്ങൾ സഹായകരമാകുമെന്ന് അദ്ദേഹം പറഞ്ഞു. സംസ്ഥാന പ്രസിഡൻറ് കെ കെ ജയപ്രകാശ് അധ്യക്ഷത വഹിച്ചു. കെപിസിസി ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് ബി എ അബ്ദുൽ മുത്തലിബ് മുഖ്യ അതിഥിയായിരുന്നു. സിമി റോസ് ബെൽ ജോൺ, സി ജി രാജഗോപാൽ, ടി സി സഞ്ജിത്ത്, ദീപാവർമ്മ, ശ്രീഹരി ദേവദാസ്, ദിലീപ് കുമാർ, സിപി ബൈജു, കരുൺ കൃഷ്ണകുമാർ, പി എസ് സുഭാഷ് എന്നിവർ പ്രസംഗിച്ചു.

# 'ജൻ ഭാഗീധാരി' മെയ് 12 ന്

**കൊച്ചി:** പൊഖ്രാനിൽ ന്യൂക്ലിയർ പരീക്ഷണം നടത്തിയതിന്റെ 25ാം വാർഷികത്തോടനുബന്ധിച്ച് 'ജൻ ഭാഗീധാരി ' എന്ന പേരിൽ ബോധവത്കരണവും വിമുക്തഭടന്മാരെ ആദരിക്കലും സംഘടിപ്പിക്കുന്നു. മെയ് 12 ന് രാവിലെ 10.30 ന് ജില്ലാ സൈനിക ക്ഷേമ ഓഫീസിന്റെ ആഭിമുഖ്യത്തിൽ കാക്കനാട് സൈനിക റസ്റ്റ് ഹൗസിലാണ് പരിപാടി നടക്കുന്നത്.

### സ്പെയ്സ് ടെക്നോളജിയിൽ സഹകരണ സാധ്യത

# തിരുവനന്തപുരത്ത് സന്ദർശനവുമായി ഓസ്ട്രേലിയൻ പ്രതിനിധികൾ



**തിരുവനന്തപുരം:**സ്പെയ്സ് ടെക്നോളജി രംഗത്തെയും ഇൻഫർമേഷൻ ടെക്നോളജി രംഗത്തെയും വ്യവസായത്തിനായി ഗവേഷണ  സഹകരണ സാധ്യതകൾ ചർച്ച ചെയ്യാൻ തിരുവനന്തപുരത്ത് സന്ദർശനവുമായി സൗത്ത് ഓസ്ട്രേലിയൻ യൂണിവേഴ്സിറ്റി ഇങ്ക്യുബേഷൻ സെന്ററിൽ നിന്നുള്ള സംഘം.ടെക്നോപാർക്ക് സി.ഇ.ഒ കേണൽ സഞ്ജീവ് നായർ (റിട്ട), സ്റ്റാർട്ടപ്പ് മിഷൻ സി.ഇ.ഒ അനൂപ് അംബിക, കെ സ്പെയ്സ് സി.ഇ.ഒ ജി. ലെവിൻ തുടങ്ങിയവരുമായും വി.എസ്.എസ്.സി/ ബ്രഹ്മോസ് പ്രതിനിധികളുമായും സംഘം ചർച്ച നടത്തി. ഐ.ടി പാർക്കുകളുടെ വിജയ ചരിത്രവും വ്യവസായ സാധ്യതകളും ടെക്നോപാർക്ക് സി.ഇ.ഒ വിവരിച്ചു. കേരളത്തിലെ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റത്തിന്റെ കുതിപ്പും അന്താരാഷ്ട്ര അംഗീകാരങ്ങളും കെ.എസ്.യു.എം.ം ഹെഡ് അന്നവേഷൻ ആൻഡ് ബിസ്നസ് ഡെവലപ്പ്മെന്റ്, അശോക് പഞ്ഞിക്കാരൻ വിവരിച്ചു. ബഹിരാകാശ സാങ്കേതിക മേഖലയിലെ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും തിരുവനന്തപുരത്ത് മികച്ച റിസോഴ്സ് പൂളിന്റെ ലഭ്യതയ്ക്കും സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങളെപ്പറ്റി കെസ്പെയ്സ് സി.ഇ.ഒ വിവരിച്ചു. ജി ടെക്, ചേംബർ ഓഫ് എയ്റോസ്പേസ് ഇൻഡസ്ട്രീസ് (സി.ഐ.എ) എന്നിവയുടെ പ്രതിനിധികൾ ഐ.ടി, എയ്റോസ്പേസ് വ്യവസായങ്ങളിലെ സഹകരണം സാധ്യമാകുന്ന മേഖലകളെക്കുറിച്ച് വിശദമായ ചർച്ച നടത്തി. മേനംകുളം കിൻഫ്ര അപ്പാരൽ പാർക്കിലെ വിൻവിഷ് ടെക്നോളജീസ്, അനന്ത് ടെക്നോളജീസ് എന്നിവയുടെ ഉൽപ്പാദന യൂണിറ്റുകളും സംഘം സന്ദർശിച്ചു.ടെക്നോപാർക്ക് സന്ദർശനത്തിന് ശേഷം സംഘം ഡിജിറ്റൽ യൂണിവേഴ്സിറ്റി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് സയൻസ് ആൻഡ് ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി (എൻ.ഐ.ഐ.എസ്.ടി) എന്നിവിടങ്ങളിലും സന്ദർശനം നടത്തി. ഗവേഷണ വികസന പ്രവർത്തനങ്ങളിൽ സഹകരണ സാധ്യതകൾ ചർച്ച ചെയ്താണ് സംഘം മടങ്ങിയത്. ഏഴ് സ്റ്റാർട്ടപ്പുകളുടെ സി.ഇ.ഒമാരും യൂണിവേഴ്സിറ്റി പ്രതിനിധികളും ഓസ്ട്രേലിയൻ സംഘത്തിലുണ്ടായിരുന്നു. ഇ ആൻഡ് ഐ.ടി.ഡി സെക്രട്ടറി ഡോ. രത്തൻ കേൽക്കർ, വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് എന്നിവരുമായും സംഘം സംവദിച്ചു. സംസ്ഥാനത്തിന്റെ പുതിയ വ്യവസായ നയത്തെക്കുറിച്ച് മന്ത്രി വിശദീകരിക്കുകയും ഓസ്ട്രേലിയൻ സംരംഭകരിൽ നിന്ന് സംസ്ഥാനത്തേക്ക് നിക്ഷേപം സ്വാഗതം ചെയ്യുകയും ചെയ്തു.

# മാതൃദിനത്തിൽ  അമ്മമാർക്ക് ആരോഗ്യദായകമായ സമ്മാനം നൽകണം



**കൊച്ചി:** ലോക മാതൃദിനത്തിൽ അമ്മമാർക്ക് സമ്മാനം നൽകുമ്പോൾ അവരുടെ ആരോഗ്യത്തേയും ക്ഷേമത്തേയും മെച്ചപ്പെടുത്തുന്ന ഒരു സമ്മാനം തിരഞ്ഞെടുക്കണമെന്ന നിർദേശവുമായി വിദഗ്ധർ. രുചിക്ക് പുറമേ ഒട്ടനവധി ആരോഗ്യ ഗുണങ്ങൾ അടങ്ങിയിട്ടുള്ള സ്വാദിഷ്ടമായ പോഷക സമ്പന്നമായ ഒന്നാണ് ബദാമെന്നും, അതിനാൽ ഈ വർഷം ബദാം സമ്മാനമായി നൽകുന്നത് പരിഗണിക്കാമെന്നും പ്രശസ്ത നടിയും സെലിബ്രിറ്റിയുമായ സോഹ അലിഖാൻ, ഫിറ്റ്നസ്, സെലിബ്രിറ്റി ഇൻസ്ട്രക്റ്ററായ യാസ്മിൻ കറാച്ചിവാല, നടിമാരായ നിഷ ഗണേഷ്, പ്രണിത സുഭാഷ് തുടങ്ങിയവർ നിർദേശിച്ചു. അവശ്യ പോഷക ഘടകങ്ങളുടെ പ്രകൃതിദത്തമായ സമ്പന്ന സ്രോതസാണ് ബദാം. പ്രോട്ടീൻ, ആരോഗ്യകരമായ കൊഴുപ്പുകൾ, നാരുകൾ, വൈറ്റമിൻ ഇ, മഗ്നീഷ്യം എന്നിവ അതിൽ ഉൾപ്പെടുന്നു. ഈ പോഷക ഘടകങ്ങൾ ഒരു നല്ല സമീകൃത ഭക്ഷണ ക്രമത്തോടൊപ്പം കൂട്ടിച്ചേർക്കാവുന്ന മികച്ച ഒന്നായി ബദാമിനെ മാറ്റുന്നു. അതിനാൽ തന്നെ തങ്ങളുടെ ആരോഗ്യത്തിനും ക്ഷേമത്തിനും ഏറെ പരിഗണന നൽകുന്ന അമ്മമാർക്ക് നൽകാവുന്ന ഏറ്റവും മികച്ച സമ്മാനവും ഇതാണെന്നും പ്രമുഖർ അഭിപ്രായപ്പെട്ടു. ഹൃദ്രോഗങ്ങൾക്ക് കാരണമായി മാറുന്ന മോശം കൊളസ്ട്രോളായി കണക്കാക്കപ്പെടുന്ന എൽഡിഎൽ (ലോഡെൻസിറ്റി ലിപ്പോപ്രോട്ടീൻ) കൊളസ്ട്രോളിനെ കുറയ്ക്കുവാനുള്ള കഴിവ് ബദാമിനുണ്ടെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഹൃദ്രോഗം ചെറുക്കാൻ സഹായിക്കുന്നതിനോടൊപ്പം തന്നെ പ്രമേഹം, ശരീരഭാരം പരിപാലിക്കൽ, ചർമത്തിന്റെ ആരോഗ്യം സംരക്ഷിക്കൽ എന്നിങ്ങനെയുള്ള മറ്റനവധി ആരോഗ്യ ഗുണങ്ങളും ബദാം വാഗ്ദാനം ചെയ്യുന്നു. എപ്പോഴും തിരക്കിട്ട ജീവിതം നയിക്കുന്ന അമ്മമാർക്ക് സൗകര്യപ്രദമായി സംതൃപ്തിയോടെ കഴിക്കാവുന്ന ഒരു ലഘു ഭക്ഷണവുമാണ് ബദാം. എളുപ്പം കൊണ്ടുനടക്കാൻ കഴിയുന്ന ബദാം പ്രത്യേകിച്ച് തയാറെടുപ്പുകൾ ഒന്നുമില്ലാതെ ഉപയോഗിക്കാനും സാധിക്കും. ഈ മാതൃദിനത്തിൽ അമ്മമാർക്ക് ബദാം പോലുള്ള സമ്മാനിച്ച് എല്ലാവരും തങ്ങളുടെ അമ്മമാരെ മെച്ചപ്പെട്ട രീതിയിൽ പരിപാലിക്കണമെന്ന് ആഹ്വാനം ചെയ്യുന്നതായി നടി സോഹ അലിഖാൻ പറഞ്ഞു സ്വന്തം കുടുംബത്തിന്റെ പരിരക്ഷക്ക് പ്രാധാന്യം നൽകുന്ന അമ്മമാർ പലപ്പോഴും സ്വന്തം ആരോഗ്യത്തെ അവഗണിക്കാറാണുള്ളത്. അതിനാൽ ബദാം പോലുള്ള എളുപ്പത്തിൽ കഴിക്കാവുന്ന പോഷക ആഹാരങ്ങൾ അവർ ഭക്ഷണ ക്രമത്തിൽ ഉൾപ്പെടുത്തേണ്ടത് നിർണായകമാണെന്നും പ്രമുഖ പോഷകാഹാര ക്ഷേമ കൺസൾട്ടന്റായ ഷീലാ കൃഷ്ണസ്വാമി പറഞ്ഞു.

# എംഎസ്എംഇകൾക്ക് സൗരോർജ പാനലുകൾ സ്ഥാപിക്കൽ; പിന്തുണയുമായി യെസ് ബാങ്ക്

**കൊച്ചി:** സ്ഥായിയായ ഊർജ്ജ ഉപഭോഗം പ്രോൽസാഹിപ്പിക്കാനായി തങ്ങളുടെ പരിസരത്ത് സോളാർ പാനലുകൾ സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ (എംഎസ്എംഇ) നിർമ്മാതാക്കൾക്ക് പിന്തുണ നൽകാനായി യെസ് ബാങ്കിന്റെ യെസ് കിരൺ പദ്ധതിക്കു തുടക്കമായി.  എംഎസ്എംഇകൾക്ക് പദ്ധതി പ്രകാരമുള്ള പിന്തുണ ലഭിക്കും.ടാറ്റാ പവർ സോളാർ സിസ്റ്റംസ്, ഗോൾഡി സോളാർ, ലൂം സോളാർ തുടങ്ങിയ സൗരോർജ പാനൽ നിർമാതാക്കൾ, പാനസോണിക് സോളാർ പവർ സിസ്റ്റം പോലുള്ള കമ്പനികൾ തുടങ്ങിയവയുമായി ഇതിൻറെ ഭാഗമായി യെസ് ബാങ്ക് സഹകരിക്കും.എംഎസ്എംഇകളുടെ സ്ഥായിയായ വികസനത്തിനു പിന്തുണ നൽകുന്ന തങ്ങളുടെ നീക്കത്തിൻറെ തുടർച്ചയാണ് യെസ് കിരണെന്ന് യെസ് ബാങ്ക് എസ്എംഇ ബാങ്കിങ് വിഭാഗം കൺട്രി ഹെഡ് ധവാൻ ഷാ പറഞ്ഞു. 2030ഓടെ 50 ശതമാനം വൈദ്യുത ഉൽപാദനവും പുനരുപയോഗിക്കാവുന്ന സ്രോതസുകളിൽ നിന്നാവണം എന്ന ജി20 കാഴ്ചപ്പാടിൻറെ അടിസ്ഥാനത്തിലാണ് യെസ് കിരൺ പദ്ധതിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ചുരുങ്ങിയ പ്രവർത്തന ചെലവ്, വായ്പാ കാലവധി, പലിശ നിരക്ക് എന്നിവയിൽ സൗകര്യപ്രദമായ മാറ്റങ്ങൾ, യെസ് ബാങ്കിൽ നിന്നുള്ള സമ്പൂർണ പിന്തുണ, ചെറുകിട സ്ഥാപനങ്ങൾക്ക് അറിവിന്റെ അടിസ്ഥാനത്തിൽ മികച്ച തെരഞ്ഞെടുപ്പിനുള്ള അവസരം തുടങ്ങിയവയാണ് യെസ് കിരൺ വഴി ലഭിക്കുന്നത്.

# ആർആർ കാബൽ ഐപിഒയ്ക്ക്

**കൊച്ചി:** ആർആർ ഗ്ലോബൽ ഗ്രൂപ്പിന്റെ ഭാഗവും ഇന്ത്യയിലെ ഏറ്റവും വലിയ അഞ്ചാമത്തെ ബ്രാൻഡഡ് വയർ, കേബിൾ ഉൽപാദകരുമായ ആർആർ കാബൽ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.അഞ്ച് രൂപ മുഖവിലയുള്ള  225 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും 17,236,808 ഇക്വിറ്റി ഓഹരികളുടെ  ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, എച്ച്എസ്ബിസി സെക്യൂരിറ്റീസ് ആൻഡ് ക്യാപിറ്റൽ മാർക്കറ്റ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, സിറ്റി ഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## പരസ്യ ബോർഡിന് ക്വട്ടേഷൻ ക്ഷണിച്ചു

**ആലപ്പുഴ:** 2023 മെയ് 29 മുതൽ നടക്കുന്ന മന്ത്രിതല അദാലത്തിന്റെ പ്രചാരണത്തിന്റെ ഭാഗമായി ബോർഡുകൾ ഡിസൈൻ ചെയ്ത് ജില്ലയിലെ ആറ് താലൂക്കുകളിലായി നിശ്ചിത സ്ഥലങ്ങളിൽ സ്ഥാപിച്ചുനൽകുന്നതിന് ക്വട്ടേഷനുകൾ ക്ഷണിച്ചു.  ബോർഡ് നിർമാണത്തിനുള്ള നിരക്ക് സ്ക്വയർ ഫീറ്റ് നിരക്കിലാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്. തടി/പട്ടിക ഫ്രെയിമിൽ ചെയ്ത ബോർഡുകൾ ക്ലോത്ത്/ ഇക്കോ ഫ്രണ്ട്ലിയായ വസ്തു ഉപയോഗിച്ച് നിർമിച്ചതാവണം. 8x4, 10x8 സൈസിലുള്ള ബോർഡുകളാണ് വേണ്ടത്. ക്വട്ടേഷനുകൾ മെയ് എട്ടു മുതൽ ഏഴ് ദിവസത്തിനകം ജില്ല ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കളക്ട്രേറ്റ് കോംമ്പൗണ്ട്, ആലപ്പുഴ എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക്  0477 2251349 എന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

## സാമൂഹ്യനീതി ഓഫീസ് നിർമാണ ഉദ്ഘാടനം മെയ് 10ന്

**ആലപ്പുഴ:** താനൂർ ബോട്ട് അപകടത്തെ തുടർന്ന് സർക്കാരിന്റെ ഔദ്യോഗിക പരിപാടികൾ മാറ്റി വെച്ച സാഹചര്യത്തിൽ മെയ് എട്ടിന് നിശ്ചയിച്ചിരുന്ന ആലപ്പുഴ സാമൂഹ്യനീതി ഓഫീസ് സമുച്ചയത്തിന്റെ നിർമാണ ഉദ്ഘാടനം മെയ് 10 ലേക്ക് മാറ്റി. രാവിലെ 11.30 കളക്ടറേറ്റിൽ എച്ച്.സലാം എം.എൽ.എ.യുടെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ സാമൂഹ്യ നീതി, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിക്കും.

# ഐആർഎം ഇന്ത്യ അഫിലിയേറ്റ്, റിലയൻസ് ജിയോയുമായി ധാരണാപത്രം ഒപ്പുവച്ചു



**കൊച്ചി / മുംബൈ :** ടെലികോം വ്യവസായത്തിൽ എന്റർപ്രൈസ് റിസ്ക് മാനേജ്മെന്റിന്റെ (ഇആർഎം) ആവശ്യകതയും പ്രാധാന്യവും പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസ്ക് മാനേജ്മെന്റ് (ഐആർഎം) ഇന്ത്യ അഫിലിയേറ്റ്, ഇന്ത്യയിലെ മുൻനിര ടെലികോം സേവനദാതാക്കളായ റിലയൻസ് ജിയോയുമായി ധാരണാപത്രം ഒപ്പുവച്ചു. 140 ലധികം രാജ്യങ്ങളിലായി ഇആർഎം യോഗ്യത നിയന്ത്രിക്കുന്ന ലോകത്തെ മുൻനിര പ്രൊഫഷണൽ സ്ഥാപനമാണ് ഐആർഎം. വിജ്ഞാന പങ്കാളിത്തത്തിന്റെ ഭാഗമായി ജിയോ ഐആർഎം ഇന്ത്യ അഫിലിയേറ്റുമായി ചേർന്ന് വെബിനാറുകൾ, ചർച്ചകൾ, വ്യവസായ സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കും. ഒപ്പം ടെലികോം മേഖലയിലെ അപകടസാധ്യതകളും അത് ഒഴിവാക്കാനാവശ്യമായ വിവരശേഖരവും ഉൾപ്പെടുന്ന ഇആർഎം, റിസ്ക് ഇന്റലിജൻസ് എന്നിവ വർദ്ധിപ്പിക്കുന്നതിന് വിജ്ഞാന വികസനത്തിനായുള്ള സാമഗ്രികളും സംഭാവന ചെയ്യുമെന്ന് റിലയൻസ് ജിയോ റിസ്ക് മാനേജ്മെന്റ് മേധാവി സച്ചിൻ മുത്ത പറഞ്ഞു.ഇആർഎം പരിശോധനകൾക്കും പഠനത്തിനും ലോകത്തെ പ്രമുഖ പ്രൊഫഷണൽ ബോഡിയുമായി പങ്കാളിയാകുന്നതിൽ തങ്ങൾ സന്തുഷ്ടരാണ്. തങ്ങളുടെ അപകട നിവാരണ പ്രക്രിയയും സമ്പ്രദായങ്ങളും അന്തർദേശീയ നിലവാരത്തിന് തുല്യമാണ്, കൂടാതെ ഐആർഎമ്മിനൊപ്പം ആഗോള ചിന്താ നേതൃത്വത്തെ നയിക്കുന്നതിൽ തങ്ങൾ സന്തോഷിക്കുന്നു വെന്നും സച്ചിൻ മുത്ത പറഞ്ഞു.പ്രബലവും സ്വാശ്രയമായ ഒരു ഇന്ത്യ കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ റിസ്ക്ഇന്റലിജന്റ് സ്ഥാപനങ്ങളുടെ ശക്തമായ ആവാസവ്യവസ്ഥ വികസിപ്പിക്കുക എന്ന ഐആർഎം ഇന്ത്യ അഫിലിയേറ്റിന്റെ ദൗത്യത്തിന്റെ ഭാഗമാണ് ഈ സഹകരണം. സിപ്ല, അൾട്രാടെക്, ഐഎച്ച്സിഎൽ, എൻഐഎംഎസ്എംഇ (എംഎസ്എംഇ മന്ത്രാലയം), എഐസിടിഇ (വിദ്യാഭ്യാസ മന്ത്രാലയം) എന്നിവയുൾപ്പെടെയുള്ള പ്രമുഖ സ്ഥാപനങ്ങളുമായി ഐആർഎം അടുത്തിടെ വിജ്ഞാന പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുണ്ട്.കെപിഎംജിയുടെ സമീപകാല പഠനത്തിൽ ടെലികോം വ്യവസായത്തിലെ അപകടസാധ്യതകൾ ഗണ്യമായി വർധിക്കുകയും റിസ്ക് മാനേജ്മെന്റ് ടെലികോമുകൾക്ക് കൂടുതൽ വെല്ലുവിളികൾ നൽകുന്നതുമായി പറയുന്നു. നിക്ഷേപം, ജീവനക്കാർ, വിതരണ ശൃംഖല, റെഗുലേറ്ററി, സൈബർ റിസ്ക് എന്നിവയുമായി ബന്ധപ്പെട്ടതാണ് ടെലികോമിലെ പ്രധാന അപകടസാധ്യത മേഖലകൾ. രാഷ്ട്രങ്ങളുടെയും പൗരന്മാരുടെയും സാമ്പത്തിക ക്ഷേമത്തിനായി കരുത്തുറ്റതും അളക്കാവുന്നതും സുരക്ഷിതവുമായ ഒരു ടെലികമ്മ്യൂണിക്കേഷൻ ശൃംഖല ഉണ്ടായിരിക്കേണ്ടതിന്റെ പ്രാധാന്യം കോവിഡ് പാൻഡെമിക് തെളിയിച്ചിട്ടുണ്ട് എന്നും പഠനം പറയുന്നു. ഇതിന്റെ ഭാഗമായാണ് സ്ഥാപനങ്ങളിൽ റിസ്ക് ഇന്റലിജൻസ് വർധിപ്പിക്കേണ്ട ആവശ്യകത ഉയരുന്നതെന്നും ജിയോ അധികൃതർ വ്യക്തമാക്കി.

# നാല് മാസത്തിനുള്ളിൽ വിറ്റുപോയത് 10,000 തിയാഗോ ഇവികൾ




**കൊച്ചി:** വെറും നാലു മാസത്തിനകം 10,000 കാറുകൾ വിതരണം ചെയ്തുകൊണ്ട് ടാറ്റ മോട്ടോഴ്സിന്റെ തിയോഗോ ഇവി. 24 മണിക്കൂറിനുള്ളിൽ 10,000 ബുക്കിങ്ങുകൾ നേടിയെടുത്ത കാർ 2022 ഡിസംബർ ആയപ്പോഴേക്കും 20,000 ബുക്കിങ്ങുകളാണ് നേടിയെടുത്തത്. ഇവി വാഹന ഡ്രൈവിങ്ങ് അനുഭവം ജനാധിപത്യവൽക്കരിക്കുമെന്നും സുരക്ഷിതവും ശുദ്ധവും ഹരിതവുമായ സഞ്ചാരത്തിനുവേണ്ടിയുള്ള ആഗ്രഹം വ്യാപകമാക്കുമെന്നുമുള്ള വാഗ്ദാനങ്ങൾക്ക് അനുസരിച്ച് ഉയർന്നു കൊണ്ട് 491 നഗരങ്ങളിലേക്ക് വിജയകരമായി എത്തിച്ചേരുകയും മൊത്തം 11.2 ദശലക്ഷം കിലോമീറ്ററുകൾ താണ്ടുകയും 1.6 ദശലക്ഷം ഗ്രാം കാർബൺഡൈഓക്സൈഡ് അന്തരീക്ഷത്തിലേക്ക് പുറത്ത് വിടുന്നത് ഇല്ലാതാക്കുകയും ചെയ്തുകൊണ്ട് തിയാഗോ. ഇവി ചരിത്രം കുറിച്ചിരിക്കുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.ഇവി പ്രീമിയം, സുരക്ഷ, സാങ്കേതികവിദ്യ ഫീച്ചറുകളോടൊപ്പം പരിസ്ഥിതി സൗഹാർദ്ദപരമെന്ന സവിശേഷതയും മുന്നോട് വയ്ക്കുന്നു എന്ന് മാത്രമല്ല, ഉപയോഗിക്കുന്നവർക്ക് ഏറ്റവും മികച്ച ഡ്രൈവിങ്ങ് അനുഭവം ലഭ്യമാക്കുന്ന ഒരു രസകരമായ ഇലക്ട്രിക് ട്രെൻഡ്സെറ്റർ കൂടിയാണ് ഇതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## താനൂർ ബോട്ട് അപകടം

# ചികിത്സ ചെലവുകൾ ഏറ്റെടുത്ത് ആസ്റ്റർ ഡി.എം ഹെൽത്ത് കെയർ

**കൊച്ചി:** താനൂർ ബോട്ട് അപകടത്തിൽപ്പെട്ട് ആസ്റ്റർ മിംസ് കോട്ടക്കലിൽ ചികത്സയിൽ കഴിയുന്ന മുഴുവൻ പേരുടേയും ചികിത്സാചെലവുകൾ അസ്റ്റർ ഡി.എം ഹെൽത്ത് കെയർ ഏറ്റെടുക്കും. പരപ്പനങ്ങാടി താനൂർ പൂരപ്പുഴയിൽ ഒട്ടുംപുറം തൂവൽ തീരത്തിനു സമീപം വിനോദയാത്രാ ബോട്ട് മറിഞ്ഞ് അഞ്ച് കുട്ടികളടക്കം 8 പേരെയാണ് അസ്റ്റർ മിംസ് കോട്ടക്കലിൽ പ്രവേശിപ്പിച്ചത്. ഇതിൽ 4 കുട്ടികളുടെ നിലഗുരുതരമായിരുന്നു.അത്യാധുനിക മെഡിക്കൽ സൗകര്യങ്ങളും, ഉയർന്ന വൈദഗ്ധ്യമുള്ള ആരോഗ്യ വിദഗ്ധരുടെ ഒരു ടീമിനേയും ഇതിനായി സജ്ജീകരിച്ചിരുന്നു.നിലവിൽ തീവ്ര പരിചരണ വിഭാഗത്തിൽ ഉണ്ടായിരുന്ന എല്ലാവരും അപകടനില തരണം ചെയ്തുവരുന്നുണ്ട്. ഒരു കുട്ടിയടക്കം രണ്ടുപേർ സുഖം പ്രാപിച്ചു ആശുപത്രി വിടുകയും ചെയ്തു.ചികിത്സയിൽ കഴിയുന്ന എല്ലാ രോഗികൾക്കും വിദഗ്ധ ചികിത്സ ഉറപ്പുവരുത്തുമെന്നും ചികിത്സാ ചിലവ് പൂർണമായും ഒഴിവാക്കുമെന്നും ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ ഫൗണ്ടർ ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ ഡോ. ആസാദ് മൂപ്പൻ അറിയിച്ചു.കേരള മുഖ്യമന്ത്രി പിണറായി വിജയൻ, ആരോഗ്യ മന്ത്രി വീണ ജോർജ് മറ്റു മന്ത്രിമാർ, രാഷ്ട്രീയ നേതാക്കന്മാർ തുടങ്ങിയവർ ആശുപത്രിയിൽ സന്ദർശനം നടത്തി ചികിത്സയിലുള്ളവരുടെ ആരോഗ്യനില വിലയിരുത്തി.

Aster
We'll Treat You Well
ASTER DM HEALTHCARE

# ടെക്നോപാർക്കിൽ ടെക്കി സമ്മർ ഫെസ്റ്റ്

IT Kerala
www.keralait.org

**തിരുവനന്തപുരം,** 08 മെയ് 2023: ടെക്നോപാർക്കിൽ ടെക്കീ സമ്മർ ഫെസ്റ്റ് നാളെ (മെയ് 10, 2023). ജെന്റോബോട്ടിക്സ്, എക്സ്പീരിയോൺ ടെക്നോളജീസ് ദീഷ്ണ ഇവന്റ്സ് എന്നിവരുടെ നേതൃത്വത്തിൽ നടക്കുന്ന ടെക്കി സമ്മർ ഫെസ്റ്റ് ടെക്നോപാർക്കിലെ ആംഫി തിയേറ്ററിൽ ഉച്ചയ്ക്ക് 12 മുതൽ രാത്രി 11 വരെ നടക്കും. ഫ്ളീ മാർക്കറ്റ്, ഡി.ജെ, ഗാനമേള, ഫാഷൻ ഷോ, കലാ സാംസ്കാരിക പരിപാടികൾ, മെന്റലിസം സെഷൻ, ഗെയ്മിങ്ങ് സോൺ, തുടങ്ങിയവ പരിപാടിയുടെ ഭാഗമായി നടക്കും. റെഡ് എഫ്.എം, ദ ഫോർത്ത്, ടെക്നോപാർക്ക് ടുഡേ, ട്രിവാൻഡ്രം ലൈഫ്, വാട്ട്സ് എറൗണ്ട് ട്രിവാൻഡ്രം തുടങ്ങിയവരാണ് ടെക്നോപാർക്കിനൊപ്പം പരിപാടിയുടെ സംഘാടകർ.

# കേരള ട്രാവൽ മാർട്ടിന് ഇന്ന് തുടക്കമാകും

**കൊച്ചി:** ടൂറിസം മേഖലയിലെ രാജ്യത്തെ ഏറ്റവും വലിയ ബയർ സെല്ലർ മേളയായ കേരള ട്രാവൽ മാർട്ടി(കെ.ടി.എം.)ന്റെ രണ്ടാം വെർച്വൽ പതിപ്പ് മെയ് ഒമ്പത് മുതൽ 12 വരെ നടക്കും. കെടി എം സൊസൈറ്റി സംഘടിപ്പിക്കുന്ന മീറ്റ് ഡിജിറ്റൽ സാധ്യതകൾ പ്രയോജനപ്പെടുത്തി ലോകമെമ്പാടുമുള്ള വ്യാപാര പങ്കാളികളിലേക്കും വിനോദസഞ്ചാരികളിലേക്കും എത്തിച്ചേരാൻ അവസരമൊരുക്കും.കേരള ട്രാവൽ മാർട്ട് വൈകിട്ട് 7 ന് ടൂറിസം മന്ത്രി പി.എ. മുഹമ്മദ് റിയാസ് വീഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ധനമന്ത്രി കെ.എൻ. ബാലഗോപാൽ മുഖ്യ പ്രഭാഷണവും നിയമ കയർ വ്യവസായ മന്ത്രി പി. രാജീവ് വിശിഷ്ടാതിഥിയും ആയിരിക്കും. കേരള ടൂറിസം പ്രിൻസിപ്പൽ സെക്രട്ടറി കെ.എസ്. ശ്രീനിവാസ് അധ്യക്ഷത വഹിക്കുന്ന ഉദ്ഘാടന സെഷനിൽ ടൂറിസം ഡയറക്ടർ പി.ബി. നൂഹ് ആമുഖപ്രഭാഷണം നടത്തും. കെ.ടി.എം. പ്രസിഡൻറ് ബേബി മാത്യു സ്വാഗതവും കെ.ടി.എം. സെക്രട്ടറി ജോസ് പ്രദീപ് നന്ദിയും പറയും.ബിസിനസ് മീറ്റുകൾക്ക് പുറമേ ലോകമെമ്പാടുമുള്ള ടൂറിസം മേഖലയിലെ ഏറ്റവും പുതിയ പ്രവണതകളെക്കുറിച്ചും പ്രധാന ടൂറിസം ഡെസ്റ്റിനേഷൻ എന്ന നിലയിൽ കേരളത്തിൻറെ സ്ഥാനത്തെക്കുറിച്ചും മീറ്റിൽ ചർച്ചകൾ നടക്കും. ഉദ്യോഗസ്ഥരുടെയും വിദഗ്ധരുടെയും ടൂറിസം പങ്കാളികളുടെയും നേതൃത്വത്തിൽ സുപ്രധാന വിഷയങ്ങളിൽ സെമിനാറുകളും നടക്കും.മെയ് 10 മുതൽ 12 വരെ വെർച്വൽ ബിസിനസ് മീറ്റുകൾ നടക്കും. രാവിലെ 11 മുതൽ രാത്രി 11 വരെയാണ് ബിസിനറ്റ് മീറ്റുകൾ. ഈ ദിവസങ്ങളിൽ ഉച്ചയ്ക്ക് 3 മുതൽ 4 വരെ സെമിനാർ സെഷനുകളും നടക്കും.രണ്ടു വർഷത്തിലൊരിക്കൽ നടക്കുന്ന കെടിഎമ്മിന്റെ കഴിഞ്ഞ പതിപ്പ് കൊച്ചിയിലാണ് നടന്നത്. വിവിധ ലോകരാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളുടെയും പങ്കാളികളുടെയും വൻ പങ്കാളിത്തമുണ്ടായിരുന്ന ഈ പതിപ്പ് കോവിഡിനു ശേഷം കേരളത്തിൻറെ വിനോദസഞ്ചാര മേഖലയുടെ വളർച്ചയെ കാണിക്കുന്നതായിരുന്നു.2021 മാർച്ചിൽ നടന്ന കെ.ടി.എമ്മിൻറെ ആദ്യ വെർച്വൽ പതിപ്പിൽ 44,500 ബിസിനസ് മീറ്റിംഗുകളും ഓൺലൈൻ ചർച്ചകളും നടന്നു. കോവിഡ് മൂലമുണ്ടായ സാമ്പത്തിക മാന്ദ്യത്തെ മറികടക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കാൻ യാത്രാ വ്യവസായത്തെ പ്രാപ്തമാക്കുന്നതായിരുന്നു ഈ മീറ്റ്.കേരള ടൂറിസത്തിൻറെ വിപണന തന്ത്രങ്ങളിൽ മികച്ച സംഭാവന നൽകിയ കെ.ടി.എമ്മിൻറെ ആദ്യ പതിപ്പിൽ പുതിയ ടൂറിസം ഉൽപ്പന്നങ്ങളും അനുഭവങ്ങളും ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കാനും കേരളത്തിൻറെ ടൂറിസം മേഖലയുടെ പുനർനിർമ്മാണത്തെ സഹായിക്കാനും കഴിഞ്ഞുവെന്ന് ബേബി മാത്യു അഭിപ്രായപ്പെട്ടു.അംഗങ്ങൾക്ക് വെർച്വൽ സ്റ്റാളുകൾ സൗജന്യമായി ലഭിക്കാനുള്ള മികച്ച അവസരമാണ് കെടി എം 2023. കോവിഡിന് ശേഷം നടന്ന ഇന്ത്യയിലെ ഏറ്റവും വലിയ ടൂറിസം മേളകളിൽ ഒന്നായ കെ.ടി.എം 2022 ൽ പങ്കെടുക്കാൻ സാധിക്കാത്തവർക്ക് ബിസിനസ് പങ്കാളികളുമായുള്ള ബന്ധം നിലനിർത്താനും പുതിയ പങ്കാളിത്തം സൃഷ്ടിക്കാനും പുതിയ വെർച്വൽ പതിപ്പ് വഴിയൊരുക്കുമെന്നും ബേബി മാത്യു പറഞ്ഞു.ഉദ്ഘാടന സമ്മേളനത്തിൽ കെ.ടി.എമ്മിൻറെ മുൻ പ്രസിഡൻറുമാരായ ജോസ് ഡൊമിനിക്ക്, ഇ എം നജീബ്, റിയാസ് അഹമ്മദ്, എബ്രഹാം ജോർജ് എന്നിവർ പങ്കെടുക്കും.സ്റ്റാളുകളുടെ ബുക്കിംഗ്, സ്റ്റാൾ ഡിസൈനിംഗ്, പരസ്യ സ്ലോട്ടുകളുടെ ബുക്കിംഗ്, ബയേഴ്സുമായുള്ള കൂടിക്കാഴ്ചകൾ ഷെഡ്യൂൾ ചെയ്യൽ എന്നിവയിൽ പ്രതിനിധികൾക്ക് സഹായത്തിനായി കെ.ടി.എം. ഓൺലൈൻ സെല്ലർമാരുടെ അവതരണം നടത്തും.2000 ൽ രൂപീകരിച്ച കെ.ടി.എം. സൊസൈറ്റി ട്രാവൽ ആൻഡ് ടൂറിസം മേഖലയിലെ രാജ്യത്തെ ഏറ്റവും വലിയ സ്ഥാപനമാണ്.

## കേരള സർവകലാശാലകലോത്സവം

# മുന്നിൽ മാർ ഇവാനിയസ് തന്നെ



**ആലപ്പുഴ:** കേരള സർവകലാശാല കലോത്സവം നാലുനാൾ പിന്നിട്ടപ്പോൾ 196 പോയിന്റുമായി തിരുവനന്തപുരം മാർ ഇവാനിയസ് കോളേജാണ് കലാകിരീടത്തിന് തൊട്ടടുത്തുള്ളത്. 148 പോയിന്റോടെ യൂണിവേഴ്സിറ്റി കോളേജ് രണ്ടാമതും 131 പോയിന്റുള്ള ശ്രീ. സ്വാതി തിരുനാൾ സംഗീത കോളേജ് മൂന്നാമതും സ്ഥാനങ്ങളിലുണ്ട്. സ്ഥിരം കലാതിലകം, കലാപ്രതിഭ പുരസ്കാരങ്ങൾക്കു പുറമെ ഈ വർഷം മുതൽ ഏറ്റവും കൂടുതൽ വ്യക്തിഗത പോയിന്റ് നേടുന്ന ട്രാൻസ്ജെൻഡർ വിഭാഗത്തിലെ വിദ്യാർത്ഥിക്ക് കലാരത്ന പുരസ്കാരം സമ്മാനിക്കും. സാഹിത്യ വിഭാഗം ചാമ്പ്യന് പ്രൊഫ. സുകുമാർ അഴീക്കോട് മെമ്മോറിയൽ എവറോളിങ്ങ് ട്രോഫിയും നാടൻ പാട്ട് മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് കലാഭവൻ മണി മെമ്മോറിയൽ എവറോളിങ്ങ് ട്രോഫിയും സമ്മാനിക്കും.

# ' ഗാർഡിയൻ ഏഞ്ചൽ ' ; ഫസ്റ്റ് ലുക്ക് പോസ്റ്റർ




**കൊച്ചി:** ഭദ്ര ഗായത്രി പ്രൊഡക്ഷൻസിന്റെ ബാനറിൽ സർജന്റ് സാജു എസ് ദാസ് സംവിധാനം ചെയ്യുന്ന ഗാർഡിയൻ ഏഞ്ചൽ എന്ന സിനിമയുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ,മലയാളികളുടെ പ്രിയങ്കരിയായ നഞ്ചിയമ്മ പ്രകാശനം ചെയ്തു.സർജന്റ് സാജു എസ് ദാസ് നായകനായി എത്തുന്ന ഈ ചിത്രത്തിൽ രാഹുൽ മാധവ്, മേജർ രവി, നഞ്ചിയമ്മ, ലക്ഷ്പ്രിയ, ഗിന്നസ് പക്രു, ഷാജു ശ്രീധർ, ശോബിക ബാബു, ലത ദാസ്, ദേവദത്തൻ,ലിഷോയ്,മുരളി,ജോൺ അലക്സാണ്ടർ,ലക്ഷ്മി പ്രിയ,തുഷാര പിള്ള,മായ സുരേഷ് തുടങ്ങിയവരോടൊപ്പം അമ്പതോളം പുതുമുഖങ്ങളും അഭിനയിക്കുന്നു.സെർജന്റ് സാജു എസ് ദാസ് തിരക്കഥ സംഭാഷണമെഴുതുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം വേലു നിർവ്വഹിക്കുന്നു.ജ്യോതിഷ് കാശി, ശ്രീജിത്ത് രാജേന്ദ്രൻ, സ്വപ്ന റാണി, ഷീന മഞ്ചൻ എന്നിവരുടെ വരികൾക്ക് രാം സുന്ദർചന്ദ്രദാസ് എന്നിവർ സംഗീതം പകരുന്നു.എഡിറ്റർ അനൂപ് എസ് രാജ്, പ്രൊഡക്ഷൻ കൺട്രോളർസതീഷ് നമ്പ്യാർ, ആർട്ട് അർജുൻ രാവണ സരുൺ ദാസ് ചെറുക്കാട്ടിൽ വസ്ത്രാലങ്കാരംസുരേഷ് ഫിറ്റ്വെൽ,മേക്കപ്പ് എൽദോ,പ്രീതി എ എസ്,സ്റ്റിൽസ്പ്രശാന്ത്, അഫ്സൽ,പബ്ലിസിറ്റി ഡിസൈനർശ്രീരാജ് എം എസ്,കളറിസ്റ്റ്ആർ മുത്തുരാജ്, പ്രോജക്ട് ഡിസൈൻഎൻ എസ് രതീഷ്,ചീഫ് അസോസിയേറ്റ് ഡയറക്ടർസലീഷ് ദേവ പണിക്കർ,സൗണ്ട് ഡിസൈൻ മിക്സ് ഷെഫിൻ മായൻ, കൊറിയോഗ്രഫി ഹർഷാദ് ,ഡിഐ കളറിസ്റ്റ്മുത്തുരാജ്, ത്രിൽസ്സോനെറ്റ് ജോസ്,ലോക്കേഷൻ മാനേജർബാബു ആലിങ്കാട്,പി ആർ ഒ എ എസ് ദിനേശ്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com